Mādhavakara

Nidāna

1851

Ci
XII
255 b

N12<529598716 021
ubTÜBINGEN
UB Tübingen
Wilh. Kapp
Buchbinderei & Papierh.
Tübingen Münzg. 3

Nidāna

നിദാനവും

Guṇapāṭha

ഗുണപാഠവും

ഇതിൽ

അടങ്ങിയിരിക്കുന്നു.

Cottayam

കൊട്ടയത്ത

ചൎച്ച മിശൊൻ അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടത

൧൮൫൧.

1851.

ആയുഃ കാമയ മാനെന ധമ്മാൎത്ഥ സുഖ
സാധനം ആയുൎവ്വെദൊപദെശെഷു വി
ധെയഃ പരമാദരഃ

UNIV. BIBL. TÜBINGEN

Ki XII 255 b

നിദാനം

പനിയുംരക്തപിത്തഞ്ച ചുമയുംപിന്നെയിക്കിളും
കാസശ്വാസങ്ങളുംയക്ഷ്മാസ്വരസാദാരുചിസ്തഥാ
കഫപ്രസെകവുംഛൎദ്ദിഹൃദ്രൊഗംതൃഷ്ണയുംതഥാ
മദമൂൎഛയുമൎശ്ശസ്സുമുദാവൎത്താതിസാരവും
വിഷൂചിഗ്രഹണീ കൃഛ്രമശ്മരീചപ്രമെഹവും
വിദ്രധീവൃദ്ധിഗുന്മഞ്ചശൂലപ്ലീഹമഹൊദരം
പാണ്ഡുകാമിലശൊഫഞ്ചവിസൎപ്പഞ്ചമസൂരികാ
പുളകംശീതപിത്തഞ്ച ചൎമ്മകുഷ്ഠഞ്ചശ്വിത്രകം
കൃമിഭെദങ്ങളുംവാതം വാതശ്രൊണിതമിങ്ങനെ
രൊഗക്രമങ്ങളെകണ്ടിട്ടീവണ്ണമെഴുതുന്നിത

ജ്വരനിദാനം

തൻെറ യഗ്നിബലത്തിന്ന തക്കതല്ലാത്തഭുക്തിയും
ദെഹത്തിൻെറബലത്തിന്നതക്കതല്ലാപ്രവൃത്തിയും
ഉണ്ടാകുമ്പൊൾത്രിദൊഷങ്ങൾകൊപിച്ചാമാശയാശ്രിതം
ജഠരാഗ്നിയെനീക്കീട്ടുംക്രൊഷ്ഠത്തിന്നുപുറത്തുടൻ
രസമാകുന്നദൊഷത്തൊടൊരുമിച്ചിട്ടുമെല്ലവെ
ജ്വരത്തെയുണ്ടാക്കീടുന്നുത്രിദൊഷങ്ങൾശരീരിണാം
ഉപജീവിച്ചദ്രവ്യത്തിൽസാരാംശംരസമായത
കിട്ടാംശംമലമൂത്രങ്ങൾരസംദൊഷത്രയങ്ങളാൽ
ദുഷ്ടമാക്കപ്പെട്ടുന്നെരമാമമെന്നുണ്ടതിന്നുപെർ
ജ്വരമെട്ടുപ്രകാരത്തിലുണ്ടാകുംദെഹിനാമിഹ
ത്രിദൊഷജ്വരവുംമൂന്നമൂന്നൊടീരണ്ടുകൂടിയും
മൂന്നിന്നുംകൂടെയൊന്നുണ്ടപിന്നെയാഗന്തുകജ്വരം
വെട്ടുതല്ലുകളെററിട്ടുംവീഴ്ചയാദികളാലുമാം
മാരണംദെവതാപീഡാവിപ്രശാപാദിനാമിവാ
മനഃപീഡകളെകൊണ്ടുമുണ്ടാമാഗന്തുകജ്വരം
ജ്വരംതുടങ്ങിയാലാദൌകാണാംവികൃതയിങ്ങിനെ
ദെഹംതൊട്ടാൽച്ചുടുംപാരംവിയൎപ്പില്ലാതെയുംവരും
ദെഹമൊട്ടുമിളക്കീടാവല്ലാതെകണ്ണുമാസ്സുരും
ഇതൊക്കയുമൊരിമ്പെട്ടുകാണ്കിൽസാമാന്യമജ്വരം
വാതജ്വരത്തിന്നാധാരംതലനൊവതിയാസ്സുരും
ദെഹത്തിലൊക്കെനൊവുണ്ടാംഹൃദയത്തിങ്കലെററവും
അലച്ചയുണ്ടാംദെഹത്തിൽമുളിവുംരൂക്ഷഭാവവും
മലംവരണ്ടുപൊംനൊവുംവയററിലതിയാസ്സുരും

വയർവീക്കചുഴന്നീടുംവാതജ്വരിതലക്ഷണം
ചുഴല്ലുംകണ്ടവസ്തുക്കൾപറയുംവായെരിച്ചിട്ടും
ഉഷ്ണദാഹങ്ങളുണ്ടാകും മലമൂത്രങ്ങൾനെത്രവും
മഞ്ഞളിച്ചിട്ടുവന്നീടും നൂനംപിത്തജ്വരത്തിന
ദെഹത്തെൽകൊൾമയിർക്കൊൾകകുളിരുംനിദ്രയുംസദാ
മൂക്കുവാലുകവായ്ക്കൈത്തും രുചില്ലായ്കയുംചുമ
നെത്രംവെളുക്കയെന്നെല്ലാംകഫജ്വരിതലക്ഷണം
ത്രിദൊഷജ്വരമൊരൊന്നുവെവ്വെറെരണ്ടുകൂടിയും
മൂന്നുകൂടീട്ടുമുണ്ടായാലിവറ്റെകൊണ്ടുനിർണ്ണയെൽ
പനിപാരിച്ചനെകംനാൾമുറിയാതെയിരിക്കയും
അതിയായിവിയർത്തീടുംവ്യക്തമല്ലാത്തവാക്കുകൾ
വളരെപറയുംദെഹംതളരുംചുഴല്ലുംസദാ
എന്നിച്ചൊല്ലിയദണ്ഡങ്ങളൊരുമിച്ചുളവാകിനാൽ
അസാദ്ധ്യമജ്വരംവിദ്വാൽഭിഷഗൌഷധസഞ്ചയൈഃ

രക്തപിത്തനിദാനം

ഉഷ്ണദ്രവ്യങ്ങളെപക്വാച്ചൂടാറാതെഭുജിക്കയും
ക്ഷാരങ്ങളുപ്പുംപുളിയുമെരിച്ചുള്ളപദാർത്ഥവും
ഭക്ഷിച്ചുപിത്തംകൊപിച്ചാൽരക്തപിത്തംവരുംദ്രുതം
യകൃൽപ്ലീഹകളെന്നുണ്ടുരണ്ടുപാത്രങ്ങളുള്ളില
രക്തംനിറഞ്ഞിരിക്കുന്നുരക്തപിത്തത്തിനാലത
ഇളക്കപ്പെട്ടുമന്നെരംമെല്പെട്ടാൽമൂക്കിൽവായിലും
കീൾപ്പൊട്ടുമലമൂത്രങ്ങൾപൊകുംവഴിയിലുംവരും
യകൃൽപ്ലീഹാശ്രിതംരക്തംവാതപിത്തകഫങ്ങളാൽ
ഭവിക്കുംയൊഗഭെദംകൊണ്ടുണ്ടാമെഴുപ്രകാരമായ്
മെല്പൊട്ടുചൊരവന്നീടിൽസാദ്ധ്യംകീഴ്പ്പൊട്ടുമദ്ധ്യമം
രണ്ടുമാർഗ്ഗത്തിലൂടെയുംരൊമകൂപങ്ങളൂടെയും
ചൊരവന്നുതുടങ്ങീടിലസാദ്ധ്യമിതുനിർണ്ണയം

ചുമനിദാനം

വാതപിത്തകഫക്ഷൊഭംകൊണ്ടുനെഞ്ചിനകത്തൊരു
വ്രണമുണ്ടാകിലുംരാജയക്ഷ്മാവുണ്ടാകിലുംനൃണാം
ചുമയഞ്ചുപ്രകാരത്തിലുണ്ടാകുമിവയഞ്ചിലും
മെലെമെലെതുവല്ലതെന്നറിഞ്ഞിട്ടുചികിത്സയെ
ഉടനെചെയ്കയല്ലാഞ്ഞാൽരാജയക്ഷ്മാവുവന്നുപൊം

ഇക്കിൾനിദാനം

ചുമയുംഛർദ്ദിദാഹങ്ങളതിസാരംപനിക്കയും
ഏങ്ങലുംവീക്കവുംനന്നായ്ശുദ്ധിച്ചിട്ടുള്ളദെഹിനാം

നാഭിക്കുകീഴിരിക്കുന്നവായുവിളകിമെല്ലവെ
നാഭിക്കുമെലിരിക്കുന്നപിത്തത്തെയുമതിക്രമി
ച്ചുരസ്സിങ്കലിരിക്കുന്നകഫത്തൊടൊരുമിച്ചുടൻ
മെല്ലൊട്ടുചെല്ലുമ്പൊളുണ്ടാംശ്വാസംവീക്കയുമിക്കിളും
ഇക്കിളഞ്ചുപ്രകാരത്തിലതിന്റെപെരിവണ്ണമാം
മഹാഹിക്കാചഗംഭീരായമളക്ഷുദ്രയന്നജാ
ഇക്കിളുണ്ടാമുടനുടൻവല്യതായിട്ടുമമ്മസു
പീഡയെററംവളൎത്തീടുംമഹാഹിക്കയതായ്വരും
നാഭിയിങ്കൽതുടങ്ങീട്ടുവരുന്നൊരിക്കിളുണ്ടത
വല്യതായിമുഴങ്ങീട്ടുമതുഗംഭീരയായത
ഇക്കിളീരണ്ടുകൂടീട്ടുവരുംമാറൊട്ടുനൊകയും
തലയൊട്ടുവിറച്ചീട്ടുംയമളയ്ക്കുള്ളലക്ഷണം
പൂണെല്ലുങ്കൽതുടങ്ങീട്ടുകുറഞ്ഞിട്ടുണ്ടൊരിക്കിള
അതിനെക്ഷുദ്രയെന്നല്ലൊചൊല്ലീടുന്നുഭിഷക്കുകൾ
ഉപജീവിച്ചവസ്തുക്കളിടയിൽതടയുന്നനാൾ
ശ്വാസംചെന്നുവിലങ്ങീട്ടുമുണ്ടാമിക്കിളിതന്നജാ
ക്ഷുദ്രയന്നജയുംനന്നായ്ശമിച്ചീടുംചികിത്സയാൽ
മഹാഹിക്കാദിമൂന്നിനും ചികിത്സിച്ചാൽഫലംവരാ

ശ്വാസനിദാനം

ശ്വാസമൂൎദ്ധ്വൻമഹാൻഛിന്നൻതമകൻക്ഷുദ്രനിങ്ങനെ
അഞ്ചാകുമതിലൂൎദ്ധ്വന്റെലക്ഷണംപറവാൻപണി
മഹാശ്വാസംവരുന്നെരം മാറുന്നൊമൊച്ചപാരമാം
കണ്മിഴിച്ചിട്ടുതുള്ളിച്ചുനൊക്കീടുംനാലുദിക്കിലും
ഛിന്നൻപാരിച്ചിടമുറിഞ്ഞുടനെപിന്നയുംവരും
വ്വാപ്പുറത്തൊട്ടുപൂണെല്ലിന്നുള്ളിൽദണ്ഡങ്ങളെറിയും
തമകൻവരുമന്നെരംമൊഹിക്കുംമൂക്കുവാലുകാ
ഇവവൎദ്ധിക്കയുംചെയ്യുംവെയിലില്ലാത്തനാളില
ഇതൌഷധപ്രയൊഗംകൊണ്ടുടനെശാന്തമായ്വരും
ക്ഷുദ്രൻപീഡകൂടാതെകുറഞ്ഞിട്ടുവരുന്നത
ക്ഷുദ്രൻതമകനുംനന്നായ്ശമിച്ചീട്ടുംചികിത്സയാൽ
മററുമൂന്നുമസാദ്ധ്യങ്ങളെന്നുവന്നീടുമഞ്ജസാ

രാജയക്ഷ്മാനിദാനം

അധൊവായുമലംമൂത്രമടക്കികൊണ്ടിരിക്കിലും
അപഥ്യഭക്ഷണംമെന്മെൽസാഹസെനപ്രവൃത്തിയും
ദെഹക്ഷയവുമുണ്ടായിത്രിദൊഷമിളകുന്നനാൾ
രാജയക്ഷ്മാവുവന്നീടുംപിന്നെയദ്ദൊഷമൊകയും
ഹൃദയത്തിന്നുമെലാകിൽമൂക്കുവാലുകചുമയ്ക്കയും
തലനൊന്തീടുമന്നത്തിൽരുചിയില്ലായ്കയുംവരും

സ്വരസാദവുമെന്നെല്ലാംപലദണ്ഡങ്ങളുംവരും
കീഴ്പ്പൊട്ടായീടിലദ്ദൊഷംവാവരൽച്ചാതിസാരവും
കൊഷ്ഠത്തിന്നുള്ളിലാകുമ്പൊൾഛൎദ്ദിയുണ്ടായിയുംവരും
വിലങ്ങീടുന്നനെരത്തനൊന്തീടുംരണ്ടുപാൎശ്വവും
ഇവസന്ധുക്കളിൽചെന്നാൽപനിയുണ്ടാകയിങ്ങനെ
ഒരൊദണ്ഡത്തെയുണ്ടാക്കുംത്രിദൊഷങ്ങൾശരീരിണാം
ഭക്ഷിച്ചീടുന്നവസ്തുക്കൾപൊകുംവഴിഗുദത്തൊളം
കൊഷ്ഠമാകുന്നതെന്നെല്ലൊചൊല്ലീടുന്നുഭിഷക്കുകൾ
രാജയക്ഷ്മാവുവൎദ്ധിച്ചാൽഛൎദ്ദിച്ചിട്ടുള്ളതുപ്പല
ചുവന്നിട്ടും കറുത്തിട്ടുംചലംപൊലെയിരിക്കിലും
ബലക്ഷയംപനിഛൎദ്ദമെല്ലൊന്നൊച്ചയടക്കിലും
അവൻജീവിക്കയില്ലെന്നുനിൎണ്ണയിക്കുഭിഷക്കുകൾ
നന്നായിചൊറുചെന്നീടുംശൊഷിക്കുംദെഹമെററവും
അങ്ങിനെയുള്ളയക്ഷ്മാവുംശമിപ്പാൻദണ്ഡമാസ്സരും
വികാരങ്ങൾകുറഞ്ഞിട്ടുബലദെഹക്ഷയങ്ങളും
വ്യാധിപീഡസഹിപ്പാനൊട്ടെളുതല്ലാതെയാകിലും
മരുന്നുസെവിപ്പാൻദണ്ഡമെന്നാലതുമസാദ്ധ്യമാം
പ്രാണൻറബലമുണ്ടായിദൊഷംകൊപിച്ചിരിക്കിലൊ
രാജയക്ഷ്മാവിനീവണ്ണംചെതീടെണംചികിത്സകൾ
സ്നെഹസ്വെദങ്ങൾചെയ്യെണംകശ്നങ്ങളെയെന്നിയെ
പ്രയൊഗിച്ചിട്ടുചെയ്യിപ്പുവമനംമലശൊധനം
സ്നെഹസ്വെദങ്ങളാകുന്നതെണ്ണതെക്കുവിയക്കയും
ദെഹത്തെമെലിയിപ്പിക്കുന്നതുകശ്നമായത
ബൃംഹണങ്ങൾതടിപ്പിക്കുന്നൌഷധങ്ങളതിൽതുലൊം
പ്രധാനമെണ്ണനൈപാലുംസ്നെഹദ്രവ്യങ്ങളായതിൽ

സ്വരസാദനിദാനം

സ്വരസാദംവരുംവാതപിത്തശ്ലെഷ്മങ്ങൾമൂന്നിലും
വെറെയുംമൂന്നുമൊന്നായുംമെദൊവൎദ്ധനയിങ്കലും
രാജയക്ഷ്മാവിനെകൊണ്ടുവരുമാറുപ്രകാരമായി
മെദൊദൊഷത്രിദൊഷംകൊണ്ടുണ്ടാകുന്നതസാദ്ധ്യമാം
രസാസൃങ്മാംസമെദൊസ്ഥിമജ്ജശുക്ലങ്ങളിങ്ങനെ
സപ്തധാതുക്കളുണ്ടല്ലൊദെഹത്തിങ്കൽശരീരിണാം

അരുചിനിദാനം

ത്രിദൊഷങ്ങളൊരിമ്പെട്ടൊവെവ്വെട്ടൊയിളകീട്ടിവ
ഹൃദയത്തിങ്കലൊജിഹ്വയിങ്കലൊചെന്നുപൂകിലും
മനഃപീഡകളെകൊണ്ടുമുണ്ടാമരുചിയഞ്ചതാം
വാതാരുചിക്കുവാനന്നായ്ചവൎത്തിട്ടുവരുംദ്രുതം
പിത്താരുചിയ്ക്കുവാകയ്ക്കും മതൃക്കംകഫജത്തിന

മൂന്നുംക്രൂട്ടുകിൽനന്നായിപച്ചവെള്ളംച്ചുവസ്സുയ്യും
അസാദ്ധ്യമാകയുംചെയ്യുംമൂന്നുംക്രൂടീട്ടുവന്നത

കഫപ്രസെകനിദാനം

ശ്ലെഷ്മംനന്നായിവൎദ്ധിച്ചാൽവായുവതിനുമെല്ലവെ
പുറത്താക്കുന്നതുകഫപ്രസെകംഖല്വനാമതഃ
അതിനുംദണ്ഡമൊട്ടെറെവായിൽവെള്ളംവരുന്നത
അതിന്നുസ്നിഗ്ദ്ധമായിട്ടുമുഷ്ണമായിട്ടുമുള്ളത
പ്രയൊഗിക്കെണമുടനെയെന്നാലതുശമിച്ചുപൊം

ഛൎദ്ദിനിദാനം

ഛൎദ്ദിയുണ്ടാവ്വതുംനൃണാംഹെതുവുണ്ടതിനൊമ്പത
ത്രിദൊഷങ്ങളൊരിമ്പെട്ടുംവെവ്വെട്ടുംനാലതിങ്ങനെ
ഇഷ്ടമില്ലാത്തതൊട്ടെറെഭക്ഷിച്ചുദഹിയായ്കയും
അറയ്ക്കുന്നതുകണ്ടാലുംഗൎഭമുണ്ടായിരിക്കിലും
ഛൎദ്ദിയുണ്ടാമതിന്നുള്ളലക്ഷണങ്ങളിവണ്ണമാം
കൃമികൊണ്ടുള്ളഛൎദ്ദിക്കുഹൃദയംനൊംകനക്കയും
ഇതെല്ലാംപാരമുണ്ടാകിൽഹൃദ്രൊഗംപൊലെയാവ്വതും
ആമാശയത്തിലെദൊഷംവൎദ്ധിച്ചിട്ടിളകീടിനാൽ
ഛൎദ്ദിയുണ്ടാമതിനുടനുപവാസാദിവെണ്ടുപത
വാതകൊപത്തിലുണ്ടാകിൽവമനംതന്നെവെണ്ടുപത
ദെഹപ്രാണങ്ങടെശക്തിനന്നായിട്ടുള്ളവൎക്കുടൻ
ഛൎദ്ദിപാരിച്ചുടനുടൻവന്നാലുഷ്ണങ്ങളാകിയ
ഔഷധങ്ങളെയുണ്ടാക്കികൊടുത്തിട്ടുകുറെകുറെ
വിരെചിപ്പിക്കയുംവെണംപാലുക്രൂട്ടീട്ടുമാമത
വാതവുംകഫവുംക്രൂടീട്ടുള്ളഛൎദ്ദിക്കുമെല്ലവെ
മെലിരിക്കുന്നദൊഷത്തെകീഴ്പൊട്ടാക്കീട്ടുരൂക്ഷമായി
ഇരിക്കുന്നമരുന്നാശുശമിപ്പിപ്പാൻകൊടുക്കണം
ശമനൌഷധമെയാവുഛൎദ്ദിദുൎബ്ബലനെങ്കില
ചികിത്സയിങ്ങനെചെയ്യാൽവാതഛൎദ്ദിശമിച്ചുപൊം
രക്തപിത്തത്തിനാലുണ്ടാംഛൎദ്ദിക്കുള്ളചികിത്സകൾ
ചെയ്യണംരക്തപിത്തത്തിൽചൊന്നപൊലെസമസ്തവും
ഛൎദ്ദിതൻക്ഷീണനാവ്വന്നാൽഛൎദ്ദിയിൽചൊരയുംചലം
കണ്ടാലുംപിന്നെവട്ടത്തിൽചിലവിന്ദുക്കൾകാണ്കിലും
ഛൎദ്ദിക്കയൊരുനെരത്തുംമാറാതെകണ്ടിരിക്കിലും
ഒന്നുകൊണ്ടുംശമിപ്പിപ്പാനെളുതല്ലാതെയാവ്വതും

ഹൃദ്രൊഗനിദാനം

വാതാദിദൊഷയൊഗങ്ങൾകൊണ്ടുംകൃമിഭവിക്കിലും
ഉണ്ടാമഞ്ചുപ്രകാരത്തിൽഹൃദ്രൊഗമതിനെററവും

ഹൃദയംനൊംത്രിദൊഷംകൊണ്ടുണ്ടായിട്ടുള്ളതെങ്കില
കൃമികൊണ്ടുള്ളതിന്നെററംചൊറിയുംമാറുനിന്ന്യം
ഇതിങ്കൽചൊറുവെണ്ടാതെവന്നയെന്നായിരിക്കിലും
സന്നിപാതത്തിനെകൊണ്ടുഭവിച്ചതുമസാദ്ധ്യമാം

തൃഷ്ണാനിദാനം

ത്രിദൊഷങ്ങളൊരിമ്പെട്ടുംവെവ്വെട്ടിട്ടുംപ്രമെഹവും
രസധാതുക്ഷയംരാജയക്ഷ്മാവാദികളാമിവ
രൊഗങ്ങളെററമുണ്ടാക്കുംദാഹത്തെദെഹിനാമിഹ
ദാഹത്തിന്നിവിടെചൊന്നകാരണംപലതുണ്ടതിൽ
വാതവുംപിത്തവുംതന്നെയാദികാരണമാകയാൽ
വാതപിത്തത്തിലെപൊലെചികിത്സിച്ചാൽശമിച്ചുപൊം
ദാഹമുള്ളവനൊട്ടെറെമെലിഞ്ഞിട്ടുന്നതെങ്കിലും
നാവുംനന്നായിപുറത്തൊട്ടുതള്ളിപ്പൊയെന്നിരിക്കിലും
ചെവികെളാതെവന്നാലുംചികിത്സിച്ചാൽഫലംവരാ

മദമൂൎഛനിദാനം

ദൊഷത്രയങ്ങളുംരക്തദൊഷവുംമദ്യവുംവിഷം
ഇവയൊക്കെയുമുണ്ടാക്കുംമദമൂൎഛകളെദ്രുതം
എന്നാൽദെഹംതണുപ്പിപ്പുവെള്ളംവീഴ്ത്തീട്ടുവീശിയും
ഇരുവെലിയൊട്ടുംക്രൂടെയരച്ചിട്ടുള്ളചന്ദനം
ആപാദമസ്തകംതെച്ചുകാററുമെററിട്ടിരിക്കണം
അതുകൊണ്ടുശമിച്ചീടുംമദമൂൎഛകളഞ്ജസാ

അൎശൊനിദാനം

പിന്നെവാതാദിദൊഷങ്ങൾത്വങ്മാംസങ്ങളെയുംതഥാ
മെദസ്സിനെയുമൊന്നിച്ചുദുഷ്ടമാക്കിചമച്ചുടൻ
ഗുദദ്വാരത്തിലുംമററുംചിലെടത്തുംക്രമത്തില
മാംസങ്ങളെമുളപ്പിക്കുമതിന്നങ്കുരമെന്നപെർ
കാണാംദുഷ്ടപുറപ്പെട്ടപൊലെയതിശസ്തതായ്യ
ജനനത്തൊട്ടുക്രൂടെയുംജനിച്ചിട്ടുഭവിക്കകൊ
ണ്ടുണ്ടാംരണ്ടുപ്രകാരത്തിൽശുക്ലാൎശ്ശസ്സിന്നുമുണ്ടത
ഇവദൊഷങ്ങൾക്രൂടുമ്പൊൾരണ്ടുമാറുപ്രകാരമാം
ഗുദത്തിന്റെപുറത്തുള്ളരൊമസ്ഥാനത്തിനുള്ളിൽമെൽ
തൻവിരല്ക്കൂഞ്ചരവിരൽചെല്ലുന്നെടംഗുദാവധി
ഗുദൊഷ്ഠമെന്നുചൊല്ലുന്നിതസ്ഥാനത്തെഭിഷക്കുകൾ
അതിന്നിടയിലെമൂന്നുവലയങ്ങളിലങ്കുരം
പുറപ്പെട്ടാലവററിന്റെഭെദമീവണ്ണമാസ്സരും
പുറത്തെങ്കിൽശമിച്ചീടുംയാപ്യംനടുവിലെതിന
ഉള്ളിലെതിൽപുറപ്പെട്ടാലസാദ്ധ്യംതന്നെയാസ്സരും

വാതശ്ലെഷ്മങ്ങളെകൊണ്ടശുഷ്ക്കാൎശസ്സിന്നുസംഭവം
ശ്ലെഷ്മരക്തങ്ങളെകൊണ്ടുണ്ടാമാൎദ്രാൎശസ്സിനുത്ഭവം
അകത്തുമുഖവുംനന്നായ്വെളുത്തിട്ടതിരൂക്ഷമായ്
തൊടുമ്പൊളെറെനൊവുണ്ടായ്വന്നീടുംസഹജത്തിന
നൊന്തീടുംതലയുംതൊളുമരക്കെട്ടുംഭയങ്കരം
ഏമ്പക്കംരുചിയില്ലായ്കവയർവീക്കയുമെങ്കിലും
പ്രമെഹംഗ്രഹണീപാണ്ഡുക്കളിൽചൊല്ലിയലക്ഷണം
ഇതിങ്കൽക്കൂടെയുണ്ടാകുമതുസൂക്ഷിച്ചുകൊള്ളണം
ഇതിൽദൊഷത്രയംകൊണ്ടുണ്ടായതുസഹജങ്ങളും
അസാദ്ധ്യമെന്നുവന്നീടുംരൊഗിദുൎബ്ബലനെങ്കില
ദെഹപ്രാണബലംനന്നായുള്ളവന്നിവയാകിലൊ
യാപ്യങ്ങളെന്നറിഞ്ഞാലുമിവററിന്റെചികിത്സകൾ
ഉറച്ചിട്ടുമലംപൊകിലുദാവൎത്തത്തിനുള്ളത
അയഞ്ഞിട്ടുമലംപൊകിലതിസാരചികിത്സകൾ
രക്തംപൊകുന്നുയെന്നാകിൽരക്തപിത്തചികിത്സകൾ

ഉദാവൎത്തനിദാനം

രൂക്ഷമായ്മലബന്ധത്തെവരുത്തുംദ്രവ്യമെററവും
ഉപജീവിക്കിലദ്ദൊഷംചെന്നുപക്വാശയത്തിലെ
വായുകീഴ്പ്പൊട്ടുചെല്ലുന്നസിരാവഴികളൊക്കയും
അടച്ചിട്ടുമലംമൂത്രമെന്നിവറെറവരട്ടിയാൽ
മലംപൊകാതെയാക്കീടുമൎശസ്സുള്ളജനത്തിന
ചൊല്ലാംനാഭിക്കുതാഴെടംപക്വാശയമതിന്നുപെർ
ആമാശയവുമെന്നുണ്ടുരണ്ടുപാത്രങ്ങളുള്ളില
കൊഷ്ഠത്തിൽവാതംകൊപിച്ചാൽമെല്പൊട്ടായിവരുംഗതി
അപ്പൊളതിന്നുവന്നീടുമുദാവൎത്തനമെന്നുപെർ
അതുമൎശസ്സുകൂടീട്ടുംകൂടാതെകണ്ടുമായ്വരും
ഉപദ്രവങ്ങളായുള്ളപലദണ്ഡങ്ങളുംവരും
വയറൊട്ടെറെനൊവൂലുംമലംചുട്ടിച്ചിതെങ്കിലും
ചികിത്സനന്നായ്ചെതാലുംപൊറുപ്പാൻപണിയായ്വരും

അതിസാരനിദാനം

ത്രിദൊഷംമൂന്നുമൊന്നിച്ചുംവെവ്വെട്ടുംദുഃഖവുംഭയം
അതിസാരത്തെയുണ്ടാക്കുമിവയാറുപ്രകാരമായ്
രക്തംകൂടാതെയുംപിന്നെക്കൂടീട്ടുംരണ്ടുജാതിയാം
പഴ്യാമത്തൊടുകൂടീട്ടുംകൂടാതെകണ്ടുമുണ്ടത
മലത്തിൽചൊരകൂട്ടിലുംവെള്ളത്തിൽതാഴ്കിലുംമലം
ഏറെദുൎഗ്ഗന്ധിയാവൂലുംവയർമൂളീട്ടുവീക്കിലും
വായിൽവെള്ളംവരികിലുമാമാതീസാരമായ്വരും
മാംസഖണ്ഡങ്ങൾപൊലെയുംമാംസങ്ങൾകഴുകീടിന

വെള്ളംപൊലെയിരിപ്പൂല്ലമെണ്ണപാൽനെകൾപൊലെയ്യം
മലംപൊകുന്നതിൽപിന്നെവിന്ദുരെഖകൾകാണ്കിലും
സന്ധുക്കൾനൊകയെന്നൊരൊന്നുണ്ടാകുന്നതസാദ്ധ്യമാം
പിന്നെആമാശയത്തിങ്കൽദൊഷംവദ്ധിക്കിൽമെല്ക്കുമെൽ
അതിസാരവുമുണ്ടാകുമഗ്നിമാന്ദ്യവുമെററവും
അതിന്നുമുമ്പിൽചെയ്യെണമുപവാസംതതഃപരം
മലത്തെനിൎത്തുവാനുള്ള മരുന്നെററംകൊടുക്കണം
സരണംസാമമാവൂല്ലംനിരാമംതന്നെയാകിലും
ഏററമെററംമലംപൊകിലെറെവൈഷമ്യമാസ്സരും
ഭുജിച്ചയന്നംനന്നായിദഹിക്കുംമുമ്പെയുള്ളത
സാമാതിസാരമായന്നംദഹിച്ചിട്ടുനിരാമവും
ഉണ്ടയന്നംദഹിക്കാതെസാമമായിസ്സരിക്കിലും
ദഹിച്ചാലൊട്ടുമെതന്നെപൊകാസ്കിലുമസാദ്ധ്യമാം

ഗ്രഹണിനിദാനം

പിന്നെഹെതുക്കൾക്രൂടാതെമലമെറെയുറച്ചുപൊം
തഥാഹെതുക്കൾക്രൂടാതെമലമെറെയയഞ്ഞുപൊം
അപ്പൊൾഗ്രഹണിയെന്നുള്ളപെരതിന്നുളവാസ്സരും
നാഭിക്കുതാഴെഭാഗത്തുഗുദദ്വാരത്തിനൊട്ടുമെൽ
ഗ്രഹണീപാത്രമാകുന്നമലത്തിൻെറയിരിപ്പതിൽ
വാതാദികളതിൽപുക്കാൽവ്യാധിയുംവല്യതാസ്സരും
ത്രിദൊഷയൊഗഭെദംകൊണ്ടതുനാല്പ്രകാരമാം
ഗ്രഹണീവണ്ണമുണ്ടായാൽദെഹാഗ്നിബലമുള്ളവൻ
ജീവിച്ചുയെന്നുവന്നീടുമസാദ്ധ്യംദുൎബ്ബലന്നത
ഏറെഗ്രഹണിവദ്ധിച്ചാൽചികിത്സിക്കെണമിങ്ങനെ
അന്നത്തിനെദഹിപ്പിപ്പാൻമരുന്നുണിന്നുമുമ്പിലും
ഉണ്ടാലുമഗ്നിവദ്ധിപ്പാൻകൊടുക്കെണംമരുന്നുകൾ
ഇങ്ങനെചെയ്തുകൊള്ളെണംഗ്രഹണിക്കുചികിത്സകൾ

വിഷൂചികാനിദാനം

ഗുരുത്വമുള്ളമാംസങ്ങൾഫലമൂലങ്ങളന്നവും
അതിയായിഭുജിപ്പൂല്ലംകൊതികിട്ടിയിരിക്കിലും
ദൊഷങ്ങൾമൂന്നുംകൊപിച്ചാല്യടനുണ്ടാംവിഷൂചികാ
അതിന്നുഭാഷനീക്കൊമ്പന്നെല്ലാരും പറയുന്നിത
നീൎത്തിരിപ്പെന്നുമിതിനെചിലർചൊല്ലീടുമഞ്ജസാ
ഇതുവന്നാൽനടെതന്നെഛൎദ്ദിക്കയതിസാരവും
കണക്കാൽമെൽതുടങ്ങീട്ടുമെല്ലൊട്ടുള്ളകഴപ്പുകൾ
ഉരുണ്ടുരുണ്ടുകെറീടുംതിരപൊലെകഴുത്തൊളം
കഴുത്തുംവ്പാപ്പുറംരണ്ടുംതുടയൊടുകണംകഴൽ
മാറൊടുവയറുംതൊളുംപുറവുംകൈകൾകാലുകൾ

എന്നുള്ളദിക്കിലുണ്ടാകുംവല്ലതായിട്ടുസങ്കടം
ശ്വാസവുംദാഹവുംമൊഹംനാവുതൊൻവലിക്കയും
ചെവിയൂതുകയുംപിന്നെകണ്ണിരട്ടിക്കയെന്നിവ
അതിയായിവരുന്നെരംപച്ചവെള്ളംതൊടീക്കൊലാ
മണൽനന്നായ്ചുറ്റുത്തിട്ടുകെട്ടിട്ടുള്ളമണൽക്കിഴി
മെല്ലെവച്ചുതലൊടെണംകഴപ്പെറ്റുന്നദിക്കില
ദാഹമെറിവരുന്നെരംപുല്ലരിക്കഞ്ഞിയുത്തമം
മൊഹിച്ചാലിഞ്ചിപിഴിയാംകണ്ണുരണ്ടിലുമിത്തിരി
ഉള്ളംകാലിൽപുറകിലെയററത്തിരുവിരൽക്കിട
പൊതിച്ചമടൽകാച്ചീട്ടുമെഴുക്കുംതെച്ചുകാച്ചുക
പിന്നെയുംചിലസിദ്ധൌഷധമുണ്ടിതിനുവെണ്ടത
അവയെല്ലാംക്രമത്താലെപ്രയൊഗിച്ചാൽശമിച്ചുപൊം

കൃച്ഛ്രാശ്മരീനിദാനം

ദൊഷങ്ങൾവസ്തിയിൽചെന്നാൽമൂത്രാഘാതംവരുംദ്രുതം
ത്രിദൊഷയൊഗഭെദംകൊണ്ടതുനാലുപ്രകാരമാം
വസ്തിയിൽകഴലസ്ഥാനെലിംഗത്തിങ്കലുമെററവും
ദണ്ഡമുണ്ടായിയിററിററമൂത്രംവീഴകിൽവാതജം
മഞ്ഞളിച്ചിട്ടുചൂടെറിവെദനപ്പെട്ടുപിത്തജം
മെഢ്രവുംവസ്തിയുംവീങ്ങികനത്തിട്ടൊഴുകുന്നത
മൂത്രംവഴവഴത്തിട്ടുവിണ്ടിടുംകഫജത്തിന
മൂന്നുംക്രടീട്ടിതുണ്ടാകിൽകാണാംലക്ഷണമൊക്കയും
മൂത്രംതങ്ങുന്നപാത്രത്തിന്നാകുന്നുവസ്തിയെന്നുപെർ
തത്രശുക്ലത്രിദൊഷങ്ങൾകൊപിച്ചാൽവരുമശ്മരീ
അതുംദൊഷത്രയംശുക്ലമിവറെറകൊണ്ടുനാലതാം
അശ്മരീതന്നെവായുചെന്നണവാക്കിനുറുക്കിയാൽ
അതുകല്ലായിവൎദ്ധിച്ചാൽമൂത്രദ്വാരമടഞ്ഞുപൊം
മൂത്രംപൊകായ്കകൊണ്ടുള്ളദണ്ഡങ്ങൾപലതുംവരും
എന്നാലന്നുകൊടുക്കെണമന്നമൌഷധമിങ്ങനെ
സ്നിഗ്ദ്ധമായുഷ്ണമായെററംദീപനംപാചനങ്ങളും
സ്രൊതൊവിശൊധനത്തിന്നുനല്ലതായുമിരിക്കണം
കൃച്ഛ്രമുള്ളവനീവണ്ണമുണ്ടാമശ്മരിയെങ്കിലൊ
ഒരംവണ്ണമുള്ളതല്ലാതെഭുജിച്ചീടരുതൊന്നുമെ
ജഠരാഗ്നിയെവൎദ്ധിപ്പിക്കുന്നതായതുദീപനം
ഭക്ഷിച്ചതൊക്കെയുടനെദഹിപ്പിപ്പതുപാചനം
സ്രൊതൊവിശൊധനംചൊല്ലാംഞരമ്പിന്നുള്ളിലൊക്കയും
വന്നകംപുക്കദൊഷത്തെപുറത്തകളയുന്നത

പ്രമെഹനിദാനം.

മെലസ്സുംകഫവുംമൂത്രമെറെയുള്ളജനത്തിന
അവറെറവൎദ്ധിപ്പിക്കുന്നയന്നപാനപ്രവൃത്തികൾ

പ്രമെഹങ്ങളെയുണ്ടാക്കുമതങ്ങിരുപതായ്വരും
വാതംപ്രധാനമായ്(1)നാലുമാറുപിത്തംപ്രധാനമായ്
ശ്ലെഷ്മംപ്രധാനമായ്പത്തുമുണ്ടാമിരുപതിങ്ങനെ
അതിന്നാദിയിലൊരൊന്നെകാണാംവികൃതിയിങ്ങനെ
വിയക്കുംദെഹവുംനാറുംതളൎച്ചയുമുറക്കവും
ചുട്ടീട്ടുംഹൃദയംകണ്ണുംചെവികൾകൈകൾകാലുകൾ
ദാഹിക്കുംനാവുതൊന്നീട്ടുംശൊഷിക്കുംകവിൾകണ്ഠവും
തണുപ്പെറുന്നഭാഗത്തിൽകിടപ്പാനാഗ്രഹംവരും
ഉറുമ്പരിക്കുമൂത്രത്തിൽദെഹംനന്നായ്ക്കനത്തുപൊം
ഈവണ്ണംലക്ഷണംകാണാംപ്രമെഹത്തിന്റെയാദിയിൽ
പിന്നെക്രമെണവദ്ധിച്ചാൽദാഹവുംപെരുതായ്വരും
അതിയായ്മൂത്രവുംവീഴ്ത്തുമതുംപലപ്രകാരമാം
നെത്തുംപറുപറുത്തിട്ടുംകരിമ്പിൻനീരുപൊലെയും
ഇരിക്കുമ്പൊൾകൊഴുത്തിട്ടുംസുരപൊലെയരിപ്പൊടി
കലക്കീട്ടുള്ളപൊലെയുംശുക്ലാസിതകൾപൊലെയും
തണുത്തുമധുരിച്ചിട്ടുമീത്താപൊലെയിഴഞ്ഞതും
നീലമായികൊഴുത്തിട്ടുംചുട്ടമഞ്ഞൾകണക്കയും
ചൂടെറിരക്തംപൊലെയുംപിന്നെമഞ്ചെട്ടിപൊലെയും
വസമജ്ജകൾപൊലെയുമാനമൂത്രംകണക്കയും
പിന്നെത്തെനെന്നപൊലെയുമ്മൂത്രമുണ്ടാംപ്രമെഹിനാം
എല്ലാംകാലക്രമംകൊണ്ടുതെൻപൊലെതന്നെയായ്വരും
അവിപാകാരുചികളുംമൂക്കുവാലുകയുംച്ഛമാ
ഇവയീവണ്ണമുണ്ടാകിലതുശ്ലെഷ്മത്തിൽവന്നത
വസ്തിലിംഗങ്ങടെനൊവുംപനിയുംചൂടുതൃഷ്ണയും
മൊഹവുംപാരമുണ്ടാകിൽപിത്തജംകൃച്ഛ്രസാദ്ധ്യമാം
ഉദാവൎത്തംവിറയലുംശക്തിയില്ലായ്കനൊകയും
നിദ്രയില്ലായ്കയുംകാസംഛൎദ്ദിദെഹംക്ഷയിക്കയും
വാതജത്തിന്നിതാധാരംസാദ്ധ്യമല്ലാതെയുംവരും
പ്രമെഹികൾക്കുമ്മെദസ്സുവദ്ധിച്ചുള്ളജനത്തിനും
കുരുവുണ്ടായ്വരുംപാരിച്ചതുപത്തുപ്രകാരമാം
ശരാവികാ കച്ഛവികാജാലിനീവിനതാതഥാ
വിസപ്പിണീസഷ്പികാപുത്രിണീചവിദാരികാ
മസൂരീപിന്നെയലജിപിന്നെയുംപലതുണ്ടുപെർ
വട്ടമുണ്ടായ്കുഴിഞ്ഞിട്ടുവക്കുനന്നായുടിച്ചത
ശ്യാമമായിനുലഞ്ഞേറെനൊന്തിരിക്കുംശരാവികാ
നൊവുംകുത്തുംനിറഞ്ഞിട്ടുവയററത്തങ്ങമാപ്പിലും
മിനത്താമപ്പുറംപൊലെയുണ്ടാംകച്ഛവികക്കുരു
ഞരമ്പുനന്നായ്പ്പാകീട്ടുചെറുതായമുഖങ്ങളും
എഴുന്നുംനൊന്തുകുത്തീട്ടുചലംചാടീട്ടുജാലിനീ
വലുതായികുറുത്തിട്ടുമുതുകത്തൊവയററിലൊ

മുഖംതാണുനലഞ്ഞിട്ടനൊന്തീടും വിനതക്കുരു
തപക്കുകൾചൂട്ടുപാരിച്ചകഷ്ടമായിവിസൎപ്പിണീ
കടുകിൻമണിയെപൊലെചെറുതായിതെരുന്നനെ
പഴുത്തുനൊന്തുംവളരെയുണ്ടാംസൎഷ്വികക്കുരു
വലുതായ്ക്കണ്ണുവളരെയുണ്ടാകുന്നതുപുത്രിണീ
മുതക്കിൻെറകിഴങ്ങൊടുസമമായിവിദാരികാ
മസൂരിവലുതായുള്ളപയർപൊലെവരുന്നത
ദാഹമുണ്ടായ്ചുവന്നിട്ടപുറപ്പെട്ടാൽപഴുത്തൊരൊ
മുഖങ്ങൾചുററുമുണ്ടാകുംതൃഷ്ണാമൊഹജ്വരങ്ങളും
ഉണ്ടാമലജ്ജിയാകുന്നകുരുവുണ്ടായ്വരുന്നനാൾ
വ്ലാപ്പുറത്തുംകഴുത്തിൽതാൻകൈമെൽചെറുവിരല്ക്കുമെൽ
ഇത്തരംകുരുവുണ്ടായാൽപാരംവൈഷമ്യമായ്വരും
വ്ലാപ്പുറത്തെകുരുകൊണ്ടങ്ങൊരുപാടുകിടപ്പവൻ
മരണംകാലമാകുമ്പൊൾതാനെതന്നെമലനുപൊം
പുത്രിണീജാലിനീപിന്നെവിദാരികശരാവികാ
ഇവനാലുംപുറപ്പെട്ടാൽസാദ്ധ്യമല്ലെന്നുനിൎണ്ണയം

വിദ്രധിനിദാനം

വാതാദിദൊഷംനാലായുംമുറിവുംരക്തദൊഷവും
ഉണ്ടാകുന്നെരമുണ്ടാകുംദ്രുതമാറായിവിദ്രധീ
ബാഹ്യാഭ്യന്തരഭെദംകൊണ്ടതുരണ്ടുപ്രകാരമാം
അതുനാഭിക്കുനെരെയുംമെലെയുംകീഴുമായ്വരും
മെലെയുണ്ടാകിലന്നെരംവായിലൂടെചലംവരും
നാഭിക്കുനടുവെയെങ്കിൽമെലുംകീഴുംചലംവരും
താഴെയെങ്കിൽഗുദദ്വാരത്തിങ്കലൂടെചലംവരും
ദൊഷങ്ങൾമൂന്നുംകൂടീട്ടീരൊഗമുണ്ടായിതെങ്കിലും
വായിലൂടെചലംവന്നദെഹമെററംക്ഷയിക്കിലും
ഉപദ്രവവ്യാധികളൊടൊരുമിച്ചിട്ടിരിക്കിലും
അന്തൎവ്വിദ്രധിയീവണ്ണമുണ്ടാകുന്നതസാദ്ധ്യമാം
ബാഹ്യവിദ്രധിയുംപാരിച്ചുണ്ടാമാറുപ്രകാരമായ്
നൊവെറിശ്യാമമായിട്ടവട്ടത്തിൽചുവടിട്ടത
മെല്ലെന്നുവന്നുവിങ്ങീടിൽവാതവിദ്രധിയെന്നുപെർ
ചുവന്നിട്ടൊട്ടുചെമ്പിച്ചക്ഷണംകൊണ്ടുപഴുത്തുപൊം
അങ്ങിനെവന്നുയെന്നാകിൽപിത്തവിദ്രധിയെന്നുപെർ
വെള്ളത്തിരിക്കുംചൊറിയുംപനിക്കുംകഫജത്തിന
സന്നിപാതത്തിലുണ്ടായാൽകാണാംലക്ഷണമൊക്കയും
പനിദാഹങ്ങളെറീടുംരക്തപിത്തത്തിലെതിന
മുറിഞ്ഞാൽകാലംചെല്ലുമ്പൊളുണ്ടാകുംക്ഷതവിദ്രധീ
സ്ത്രീകളിൽഗൎഭമുള്ളൊക്കുംപെററവൎക്കുംചിലൎക്കുടൻ
മുലമെൽവീക്കമുണ്ടായികുരുവായിചമഞ്ഞത

ബാഹ്യവിദ്രധിപൊലെയായ്വന്നുകൂട്ടുംക്രമെണതൽ
വിദ്രധിക്കുതുടങ്ങുമ്പൊൾതന്നെവെണംചികിത്സകൾ
ചൊരനീക്കുകയുംകൊള്ളാംപൊട്ടാതെകൊള്ളുകിൽഗുണം
പൊട്ടിയെങ്കിൽപഴുക്കാതെചികിത്സിച്ചിട്ടുണക്കണം
പഴുത്തുപൊയിതെന്നാകിൽപിന്നെംരംശപരനെഗതി

വൃദ്ധിനിദാനം

ദൊഷത്രിതയവുംരക്തംമൂത്രംമെദസ്സുമെന്നിവ
നിമിത്തമായിട്ടുണ്ടാകുംവൃദ്ധിയെഴുപ്രകാരമായ്
വൃദ്ധിയുണ്ടായ്വരുംനെരംലക്ഷണങ്ങളിവണ്ണമാം
ഊതിവീപ്പിച്ചയുതളിപൊലെയുള്ളതുവാതജം
ദാഹവുംചൂടുമൊന്നിച്ചിട്ടുണ്ടാകുന്നതുപിത്തജം
വെള്ളപ്പുംചൊറിയുംകൂടെയുണ്ടാകുംകഫജത്തിന
കറുത്തുകുരുവുണ്ടായിവന്നീടുംവൃദ്ധിരക്തജം
കഫംപൊലെയിരിക്കുന്നവൃദ്ധിമെദസ്സിലുള്ളത
കഴച്ചുരുണ്ടുകെറുന്നവൃദ്ധിയാന്ത്രത്തിൽവന്നത
മൂത്രംമുട്ടിട്ടിരിക്കുമ്പൊൾചെയ്തുമൈഥുനമെങ്കിലൊ
വൃദ്ധിയുണ്ടായിവന്നീടുമതുമൂത്രജമായത
ഇതിൽമൂത്രാന്ത്രജങ്ങൾക്കവാതംതന്നെപ്രധാനമാം
ആന്ത്രവുംമൂത്രവുംവൃദ്ധിക്കാദികാരണമാകിലും
വാതംതന്നെയിവററിന്റെവൎദ്ധനത്തിന്നുകാരണം
വാതവൃദ്ധിക്കുസമമാമാന്ത്രവൃദ്ധിയസാദ്ധ്യമാം

ഗുന്മനിദാനം

പനിയുണ്ടായിവൎദ്ധിച്ചുശമിച്ചിട്ടുള്ളനാളിലും
പിന്നെഛൎദ്ദിവിരെകങ്ങൾചെയ്തിരിക്കുന്നനാളിലും
ഏറവെള്ളംകുടിപ്പൂലുംദെഹദണ്ഡങ്ങൾചെയ്കിലും
ദൊഷത്രയങ്ങളുംരക്തമിവകൊപിച്ചുമെല്ലവെ
മഹാസ്രൊതസ്സിലുൾപ്പുക്കുഞരമ്പൊക്കെയടച്ചുടൻ
ഗുന്മവ്യാധിയെയുണ്ടാക്കുംനൃണാമെട്ടുപ്രകാരമായി
ഗുന്മത്തിന്നാദിനൊവായിതുടങ്ങീടുംവയററില
പിന്നെക്രമെണവൎദ്ധിച്ചാൽചാണപൊലെചമഞ്ഞുപൊം
നാഭിക്കുനെരെയഷ്ഠീലപ്രത്യഷ്ഠീലവിലങ്ങിയും
ആനാഹംമെൽവയററിന്മെൽകാണാംഗുന്മങ്ങളിങ്ങനെ
സ്ത്രീകൾക്കുംപുരുഷന്മാൎക്കുമുണ്ടാമിച്ചൊന്നതൊക്കയും
ഗുന്മംവൎദ്ധിച്ചിരിക്കുമ്പൊൾപനിയുംവയർവീക്കയും
വയററിൽപുറമെപാക്കുംകറുത്തുള്ളഞരമ്പുകൾ
പിന്നെയിക്കിളുമൊട്ടെറെവന്നീടുകിലസാദ്ധ്യമാം
രക്തഗുന്മംവരുംപിന്നെമെലെററംസ്ത്രീജനത്തിന
അതുംതീണ്ടായിരിക്കുമ്പൊൾകച്ചെരിച്ചുപുളിച്ചത

അതിയായിട്ടുഭക്ഷിച്ചാൽകറവീഴാതെയുംവരും
അതിനെകൊണ്ടുവന്നീടുംഗുന്മമെട്ടാമതാമത
ഗുന്മമീവണ്ണമുണ്ടായാൽഗൎഭമുണ്ടായപൊലെയാം
മുലയിൽപാൽചുരന്നീടുംകണ്ണുകറുക്കുംമുലയ്ക്കുടൻ
ഇളകുംപിള്ളയെപൊലെഗൎഭമെന്നൊരുബുദ്ധിയും
എല്ലാൎക്കുമുണ്ടാമന്നെരമതിന്നാധാരമിങ്ങനെ
കയ്യുംകാലുംകുടഞ്ഞിട്ടുഇളകുംപിള്ളയെങ്കില
ഗുന്മമെന്നാലുരുണ്ടിട്ടുതന്നെസഞ്ചാരമായ്വരും
പക്വാശയത്തിലെവായുഗുദത്തിന്റെയടുത്തൊളം
ഒരുദണ്ഡത്തെയുണ്ടാക്കുമതിന്നുതൂനിയെന്നുപെർ
ഗുദത്തിങ്കൽനിന്നുണ്ടാക്കുംദണ്ഡംപക്വാശയത്തൊളം
അതിന്നുപെർപ്രതിതൂനിയെന്നുചൊല്ലുംഭിഷക്കുകൾ

ശൂലനിദാനം

ഉണ്ടാംദൊഷങ്ങൾനാലായുംപഥ്യാസ്ഥയതിഭുക്തിയും
മൂത്രത്തിൽകല്ലുടപ്പൂലുംവാതഗുന്മത്തിലുള്ളതും
ഇങ്ങനെശൂലയുണ്ടാകുംനൄണാമെട്ടുപ്രകാരമായ്
അതിയായിഭുജിപ്പുലുമെറെവെള്ളംകുടിക്കിലും
അധൊവായുമലംമൂത്രമടക്കികൊണ്ടിരിക്കിലും
സ്ത്രീസംഗംദെഹദണ്ഡങ്ങൾതല്ലുകൊള്ളുകയെന്നിവ
ഏററമുണ്ടാകിലന്നെരമരക്കെട്ടിൽതുടസ്സുലും
വസ്തിയൊനിപ്രദെശങ്ങൾമുതുകെന്നുള്ളദിക്കിലും
അതിയായിട്ടുനൊവുണ്ടാംവാതശൂലയതായ്വരും
അന്നംവയർനിറച്ചെന്നാലായന്നത്തിന്നുമെല്ലവെ
ദഹനംതുടരുന്നെരംനൊവുംകൂടെവരുംദ്രുതം
അന്നംനന്നായ്ദഹിപ്പൊളംനൊവിന്നുംശമനംവരാ
നന്നായ്ദഹിച്ചുകൂടുമ്പൊൾനൊവുംനന്നായ്ശമിച്ചുപൊം
ഃരംവണ്ണമത്രെനൊവെങ്കിൽപിത്തശൂലയതായ്വരും
രൂക്ഷമായിക്ഷമായന്നമുപജീവിക്കിലപ്പൊഴെ
നൊവുണ്ടായിവരുന്നാകിൽശ്ലെഷ്മശൂലയതായത
ദിനരാത്രിവയസ്സുണ്ടാന്നുള്ളകാലത്തെയൊക്കയും
മൂന്നായിട്ടുപകുത്താദിമദ്ധ്യമാന്ത്യങ്ങളിൽക്രമാൽ
ഇരിക്കുന്നുകഫംപിത്തംവാതമെന്നിവമൂവരും
അതുകൊണ്ടവരെകൊണ്ടുവരുംവ്യാധിക്കുവൎദ്ധനം
അക്കാലങ്ങളിൽവന്നീടുംസൂക്ഷിച്ചാലറിയാമത
ഗുരുതപമുള്ളമാംസങ്ങൾശക്തിയുള്ളകിഴങ്ങുകൾ
മലസ്സുരികിലെവെള്ളമെന്നതൊരൊന്നുനിത്യമായ്
ഭുജിച്ചുശ്ലെഷ്മംവൎദ്ധിച്ചാൽനൊവുംദെഹംകനക്കയും
അന്നത്തിൽരുചിയില്ലാസ്ഥയിളകാതെകിടക്കയും
മൊഹിക്കയിവയൊരൊന്നുശ്ലെഷ്മശൂലയ്ക്കുലക്ഷണം

ദൊഷങ്ങൾമൂന്നുംകൂടീട്ടുണ്ടായിശൂലയെങ്കിലൊ
കാണാമന്നവിടെതന്നെമൂന്നിന്റെലക്ഷണങ്ങളും
ദൊഷൾമൂന്നുംകൂടീട്ടവന്നശൂലയസാദ്ധ്യമാം
അതിയായിഭുജിപ്പൂലുംവിശക്കാതെഭുജിക്കിലും
എറെവെള്ളംകുടിപ്പൂലുമുപൊസിച്ചുകിടപ്പിലും
പിന്നെപരിചയിക്കാത്തവസ്തുയെറെഭുജിക്കിലും
ഹൃദയത്തിങ്കലുംപിന്നെപാശ്വങ്ങളിൽവയററിലും
അതിയായിട്ടുനൊവുണ്ടാംഭുക്തിദൊഷത്തിലെതത
കല്ലടെപ്പെറെവദ്ധിച്ചാൽമുതുകുംപാശ്വവുംതുട
നാഭിമൂലമരക്കെട്ടെന്നുള്ളഭാഗങ്ങളിൽതുലൊം
നൊവുണ്ടായിവരുന്നെരംശക്കരാശൂലയെന്നുപെർ
വളൎന്നവാതഗുന്മംകൊണ്ടുണ്ടാംനൊവൊന്നുപാരമായ്
അതുകൊണ്ടുമലംമൂത്രമൊട്ടുംപൊകാതെയുംവരും
പാരംവിയക്കമൊക്കാനംമൊഹിക്കയിവപാരമാം
ഘൊരംവണ്ണംലക്ഷണംകാണാംപിത്തശൂലതുടങ്ങിയാൽ

ജലകൂൎമ്മനിദാനം

ശ്ലെഷ്മംകൊപിച്ചുവദ്ധിച്ചാൽവായുവതിനെയപ്പൊഴെ
കൊണ്ടുപൊയിട്ടുനാഭീടെയിടത്തെതാൻവലത്തുതാൻ
ഘൊരംട്ടംകൂട്ടുമ്പൊൾനീളത്തിൽകടുത്തിട്ടൊരുവ്യാധിയാം
നൊവുകൂടാതെയുംതീരുംജലകൂൎമ്മമതായത
പ്ലീഹഗുന്മങ്ങളിൽചൊന്നചികിത്സകളെമെല്ലുമെൽ
ചെതാലിതുശമിച്ചീടുംഅതുവൈകാതെചെയ്യണം

ഉദരനിദാനം

പശക്കെട്ടുകളുണ്ടായിശമിച്ചാലുടനെററവും
അഭിഷ്യന്ദികളായുള്ളതൊക്കെയെറെഭുജിക്കിലും
ഉപവാസഞ്ചവമനംവിരെചനവുമെന്നിവ
ഉണ്ടായാലുടനൊട്ടെറെദെഹദണ്ഡങ്ങൾചെയ്കിലും
ഊണുതാൻകഞ്ഞികുടിതാൻചെതാലൊടിനടക്കിലും
ആനപ്പുറത്തുതാൻനല്ലകുതിരെടെപുറത്തുതാൻ
കെറിയൊടിക്കിലുംപിന്നെപകൽനിത്ര്യമുറങ്ങിലും
മലവുംജലവുംപൊവാൻതുടങ്ങുമ്പൊൾതടുക്കിലും
അതിയായുണ്ണുകതാൻപിന്നെദഹിക്കുമുമ്പിലുണ്ണുകതാൻ
അതിയായ്മൈഥുനംചെയ്കകാരണംതൊഴിൽചാട്ടവും
പിന്നെവസ്തിപിടിക്കെന്നുമുതലായചികിത്സകൾ
പിഴച്ചാലുംവരുംപ്ലീഹസ്ഥിളക്കമതുനിണ്ണയം
ഇടത്തിരിക്കുംപ്ലീഹയ്ക്കുംവലത്തുള്ളയകൃത്തിനും
ഇളക്കമുണ്ടാമന്നെരംകൂട്ടുംദൊഷങ്ങളൊക്കയും
അപ്പൊളവിടെനിന്നുണ്ടാമുദരത്തിന്റെയുത്ഭവം

അമ്മികുഴവിയെപൊലെതുടങ്ങീട്ടാമപൊലെയാം
പിന്നെനന്നായിവീക്കുമ്പൊൾപ്ലീഹൊദരമതായ്വരും
രൊമംവയററിലുൾപ്പുക്കുഗുദത്തിൻവലയത്തിലൊ
മററൊച്ചററിയിരിക്കുമ്പൊളപാനൻവായുമെല്ലുമെൽ
കൊപിക്കുമ്പൊൾക്രമംകൊണ്ടുവയർനന്നായിവീൎത്തുപൊം
വാതദണ്ഡവുമുണ്ടാക്കിവയററിൻെറപുറത്തൊരു
പശുവിൻവാലുപൊലെയായ്ത്തിണൎത്തിട്ടുവരുന്നത
ബദ്ധൊദരമതിൽകാണാംവാതലക്ഷണമെററവും
മീന്മുള്ളെല്ലുകരിമ്പിൻെറനുറുങ്ങൊടെന്നിതൊക്കയും
വയററിൽചെന്നടഞ്ഞിട്ടുകുടലുമ്മെൽവയററിലും
വൃണമുണ്ടാകുമൊട്ടെറെപഴുത്തുലയുന്നനാൾ
ചലംവൎദ്ധിച്ചുചാടുമ്പൊൾവയറുംവലുതായ്വരും
ഛിദ്രൊദരമതിൽകാണാംപിത്തത്തിന്നുള്ളലക്ഷണം
നൈസെവാദികളായുള്ളചികിത്സകളിലെങ്കിലും
അഗ്നിക്കുബലമില്ലാതെഇരിക്കുന്നാളിലെങ്കിലും
വെള്ളംകുടിച്ചാലാവെള്ളംനടക്കുന്നഞരമ്പുകൾ
വായുനാലടയപ്പെട്ടാൽവയററിന്നുള്ളിൽവെള്ളമാം
അവിടെശ്ലെഷ്മവുംകൂടെകൊപിച്ചാൽവയർവീൎത്തുപൊം
ക്ഷണെനൊതളിപൊലെയായ്വരുന്നതുദകൊദരം
പിന്നെത്രിദൊഷക്ഷൊഭംകൊണ്ടുണ്ടാന്നാലുപ്രകാരമാം
എന്നാലതിലതിൽകാണാമതിന്നുള്ളൊരുലക്ഷണം
അഗ്നിക്കുബലമില്ലാത്തൊൎക്കെറയുംവയർവീൎത്തുപൊം
അപത്ഥ്യഭക്ഷണംചൈതാൽകാലംകൊണ്ടുള്ളിൽവെള്ളമാം
ക്രമെണമലമൂത്രങ്ങൾപൊകാതെകണ്ടുമായ്വരും
ശ്വാസദണ്ഡങ്ങളുംവീക്കംപനിയുംഛൎദ്ദിമൊഹവും
ചുഴന്നീടുകയെന്നല്ലാമുണ്ടായാൽവയർവീൎത്തവൻ
ബലമില്ലാത്തവൻതന്നെയെന്നുവന്നാലസാദ്ധ്യമാം
കണ്ണിൻെറപൊളവീങ്ങുലുംലിംഗംവളകിലുംതഥാ
ത്വക്കുകൾനീൎതടിപ്പൂലുംമരുന്നൊരൊന്നുകൊണ്ടുടൻ
മലശൊധനചെയ്യാലുംവയറുംനാഭിവീക്കിലും
ഒരൊലക്ഷണമീവണ്ണംകാണുന്നാകിലസാദ്ധ്യമാം
പിന്നെദൊഷങ്ങൾകൊപിച്ചാലടങ്ങുംനാഡിയൊക്കയും
ഉണ്ടാമന്നെരമീവണ്ണമുദരവ്യാധിപാരമായ്
ആയതിന്നുനിദാനത്തിൽചൈതീടെണംവിരെചനം
ആവണക്കെണ്ണസെവിച്ച വിരെചിക്കുന്നതുത്തമം
പാലൊഗൊമൂത്രമൊകൂടെക്കൂട്ടീട്ടാകിലുമാമത
മററുംവിരെചനത്തിന്നുകൊടുത്തീടാംമരുന്നുകൾ

പിത്തനിദാനം

ഉണ്ടാംദൊഷങ്ങളെകൊണ്ടുംമണ്ണുതിന്നുന്നയെങ്കിലും

സന്നിപാതത്തിനെക്കൊണ്ടും പാണ്ഡുവഞ്ചായ്വരും ന്നൂണാം
വാതം മുമ്പായദൊഷങ്ങൾ ഹൃദയത്തിലകത്തുപൊയി
അവിടെ ചെന്നിരിക്കുന്ന പിത്തത്തെയവിടെന്നുടൻ
ഞരമ്പുകളിലൊടിച്ചു വ്യാപിപ്പിച്ചിട്ടുമെല്ലവെ
ദുഷ്ടമാക്കുമസൃങ്മാംസത്വക്കഫങ്ങളെയെററവും
പിന്നെത്വക്കുകളുണ്ടാകും നിറം മൂന്നുപ്രകാരമായ്
വെളുത്തിട്ടും ചുവന്നിട്ടും മഞ്ഞളിച്ചിട്ടുമിങ്ങനെ
വെളുത്ത നിറമായ്വന്നാൽ പിത്തപാണ്ഡുവതായത
മഞ്ഞളിച്ചുവരുന്നെരം പിത്തകാമിലയെന്നുപെർ
അതുവൎദ്ധിക്കുമന്നെരം കുംഭകാമിലയെന്നുപെർ
അതമൂക്കുന്ന നെരത്തലൊഠരഞ്ചെഹലീമകം
അലസഞ്ചെതിപെരുണ്ടാമെന്നാലീവകയൊക്കയും
പിത്തകാമിലവൎദ്ധിച്ചിട്ടുള്ള ഭെദങ്ങളായ്വരും
പാണ്ഡുവിന്നാദിയിൽ തന്നെ കാണാം ലക്ഷണമിങ്ങനെ
വീക്കമുണ്ടായ്വരും പിന്നെ കണ്ണുരണ്ടും നഖങ്ങളും
മഞ്ഞളിച്ചിട്ടുമൊട്ടെറെ മടിയും പാരമായ്വരും
ഭൊജനശ്രദ്ധയില്ലായ്ക മൊഹം ഛൎദ്ദ്യതിസാരവും
എന്നിതൊക്കയുമുണ്ടാകും പാണ്ഡുരൊഗത്തിനെററവും
പാണ്ഡുരൊഗത്തിനൊട്ടെറെ കല്യാണഘൃതമുത്തമം
ഠരം വണ്ണം പാണ്ഡുവാകുന്ന ദണ്ഡമുണ്ടായിരിപ്പവൻ
പിത്തത്തെ വൎദ്ധിപ്പിക്കുന്ന ദ്രവ്യമങ്ങു ഭുജിപ്പില്ലം
പിത്തം വൎദ്ധിച്ചിരിപ്പൂല്ലമുണ്ടാം കാമില ദെഹിനാം
കാമിലയ്ക്കുടനെ തന്നെ ചികിത്സിച്ചില്ലയെങ്കിലൊ
കുംഭകാമിലയായ്തീരും സാദ്ധ്യമല്ലാതെയും വരും
എന്നാലും പിത്തശമനത്തിന്നു ചൊന്ന ചികിത്സകൾ
ചെയ്തീടെണം വിശെഷിച്ചു മററുമീവണ്ണമൌഷധം
ത്രികൊല്പകൊന്നകൊണ്ടെന്നനന്നായ്നെക്കെപൊടിച്ചതു
ചെൎത്തുകൊണ്ടുകൊടുക്കെണം ത്രിഫലെടെകഷായവും
മററുമീവണ്ണമൊരൊന്നെ ചികിത്സിക്കെണമാവൊളം

ശൊഫനിദാനം.

മാംസംക്ഷയിച്ചിരിക്കുന്ന മൎത്ത്യൻ നിത്യവുമെററവും
ഗുരുവായമ്ലമായെററമഭിഷ്യന്ദികളാകിയും
ഉള്ളവസ്തുക്കൾ സെവിച്ചാൽ വീക്കമുണ്ടായ്വരും ക്ഷണം
ഞരമ്പിന്നുള്ളിൽ വെള്ളത്തെയൊഴുക്കും ദ്രവ്യമെററവും
അഭിഷ്യന്ദികളെന്നല്ലൊ പറയുന്നു മഹത്തുകൾ
ത്രിദൊഷയൊഗഭെദങ്ങളഭിഘാതവിഷങ്ങളും
ഇങ്ങനെയൊമ്പതുണ്ടല്ലൊ വീക്കത്തിൻ കാരണങ്ങളും
ഇങ്ങനെ വീക്കമുണ്ടായാൽ മടിയുഷ്ണവുമിക്കിളും
അതിസാരത്തൊടരുചിഃ വമനം വയർവീക്കയും

ഛരംവണ്ണമൊരൊദണ്ഡങ്ങൾപാരമെന്നായിനിക്കിലും
മുഖത്തുനിന്നുകീഴ്പ്പൊട്ടുവീങ്ങിപുരുഷനെങ്കിലൊ
ശമിച്ചീട്ടുംചികിത്സിച്ചാൽസ്ത്രീകൾക്കാകിലസാദ്ധ്യമാം
കാല്പമെൽനിന്നുമെല്ലൊട്ടസ്ത്രീണാംവീക്കംതുടങ്ങുകിൽ
ശമിച്ചീട്ടുംചികിത്സിച്ചാൽപുരുഷന്നതസാദ്ധ്യമാം
നാഭിഗുഹ്യങ്ങളിൽതൊട്ടുകീഴുംമെല്ലുംകലന്നത
സ്ത്രീകൾക്കുംപുരുഷന്മാൎക്കുംശമിപ്പാനെളുതാസ്സുരാ
ഞരമ്പുപാകീട്ടൊട്ടെറെഛൎദ്ദിക്കയതിസാരവും
വീക്കംമെല്ലെശമിക്കുമ്പൊൾപനിച്ചതിസരിക്കിലും
ജ്വരാതിസാരംമെല്ലെന്നശമിക്കുന്നാളിൽവീക്കവും
ഉണ്ടായിവന്നുയെന്നാകിൽസാദ്ധ്യമല്ലാത്തലക്ഷണം

വിസൎപ്പനിദാനം.

ശൊഫത്തിൻകാരണംതന്നെവിസൎപ്പത്തിന്നുകാരണം
വിസൎപ്പംപുണ്ണിലെഭെദംസ്ഥാനംമൂന്നതിനിങ്ങനെ
പുറത്തുമുള്ളിലുംരണ്ടുഭാഗത്തുംക്രൂടിയുംവരും
വാതപിത്തങ്ങൾകൊണ്ടുണ്ടാംവിസൎപ്പത്തിൻെറലക്ഷണം
തീത്തട്ടിപൊളുകംപൊലെപുണ്ണുണ്ടായിവരുംനൃണാം
ഇങ്ങനെവൃണമുണ്ടായാൽപെർകൊണ്ടഗ്നിവിസൎപ്പമാം
വാതവുംകഫവുംക്രൂടെകൊപിച്ചിട്ടുവരുന്നതിൽ
കാണാംമുഴച്ചിട്ടിടയിലതുഗ്രന്ഥിവിസൎപ്പമാം
കഫപിത്തങ്ങൾകൊണ്ടുണ്ടാംവിസൎപ്പത്തിൻെറലക്ഷണം
മാംസത്തിനെനുലസ്സാതെചെറുപൊലെപുറപ്പെട്ടും
നൊവുണ്ടായിവരുന്നാകിൽവിസൎപ്പമതുകട്ടമാം
ദൊഷത്രയങ്ങളൊരൊന്നുകൊണ്ടുവന്നാലതൊക്കയും
എളുതായിശമിപ്പിക്കാംരണ്ടുക്രൂടിവരുന്നത
ഒരൊചികിത്സചെയ്യുമ്പൊൾക്രമത്താലെശമിച്ചുപൊം
മൂന്നുംക്രൂടീട്ടുവരികിൽവിസൎപ്പമതസാദ്ധ്യമാം
വിസൎപ്പമൊക്കെമൎമ്മത്തുവന്നുയെന്നാലസാദ്ധ്യമാം
വിസൎപ്പമെറെവൎദ്ധിച്ചാൽഞരമ്പുംമാംസമെന്നിവ
നുറുങ്ങീട്ടുശവംപൊലെനാറിയെല്ലാംവരുന്നനാൾ
ഛൎദ്ദിയുംപനിയുംമൊഹംദെഹത്തിന്നുതളൎച്ചയും
വാവരൾച്ചചുഴന്നിട്ടുമെക്കിളൊക്കാനമെന്നിവ
എല്ലാമുണ്ടായ്പരുന്നാകിൽവിസൎപ്പമതസാദ്ധ്യമാം
വിസൎപ്പമുണ്ടായാലാദിക്കുപവാസംഗുണംതുലൊം
പിന്നെരൂക്ഷങ്ങളായിട്ടുള്ളന്നമൌഷധമെന്നിവ
ഛൎദ്ദിപ്പിക്കവിരെചിപ്പിക്കെററവുംചൊരനീക്കുക
ഛരംവമുണ്ണമുള്ളതെയാവുതൊടൊല്ലാഎണ്ണനൈകളെ
തൈലമൊഷുതമൊക്രൂട്ടിചികിത്സിച്ചാലസാദ്ധ്യമാം

മസൂരിനിദാനം.

ദൊഷയൊഗഞ്ചഭെദങ്ങൾരക്തവുംവിഷമെന്നിവ
മൂലമായിട്ടുവന്നീടുംപലതായിമസൂരിക
അതിന്നുമുമ്പില്ലുണ്ടാകുംപനിയുംവാവരൾച്ചയും
മെൽനൊംകഴപ്പുസന്ധുക്കൾതളരുംതലനൊകയും
കൊൾമയിർകൊൾകയരുചിമൂക്കുവാല്കയുംപുനഃ
കണ്ണിനുംദണ്ഡമുണ്ടാകുംപിന്നെമെല്ലെപുറപ്പെട്ടും
ഉഷ്ണംവിറയലുംനൊവുമതിസാരഞ്ചദാഹവും
ഇക്കിളുംകാസമരുചിമൊഹവുംക്രുടിയുള്ളത
പുറത്തുകാണ്മാൻകുറയുംഅകത്തൊട്ടുമുഖങ്ങളാം
അഞ്ചിനെയുള്ളതൊട്ടെറെകാലംചെല്ലുന്നതാപ്പുരും
ഉടനെതന്നെയുംപിന്നെകാലംചെന്നിട്ടുമങ്ങനെ
ഉണ്ടാംരണ്ടുപ്രകാരത്തിൽപഴപ്പിടകലന്നതിൽ
നൊവുണ്ടാം കരുവാളിക്കുമെറംവാതത്തിലെതിന
ഉഷ്ണമെറീട്ടുചെറുതാഷ്ക്കടുകിൻമണിയൊളവും
ഉണ്ടായാലുടനെതന്നെപഴക്കുന്നതുപിത്തജം
കടുത്തുമഞ്ഞളിച്ചിട്ടുകാലംചെന്നുപഴപ്പത
കഫംകൊണ്ടുഭവിക്കുന്നമസൂരിക്കുള്ളലക്ഷണം
ദൊഷങ്ങൾരണ്ടുക്രുടുമ്പൊൾരണ്ടിൻെറലക്ഷണങ്ങളും
മൂന്നുംക്രുടിവരുന്നെരംമൂന്നിൻെറലക്ഷണങ്ങളും
സൂക്ഷിക്കുമ്പൊൾധരിച്ചീടാംവ്യാധിഭെദങ്ങളൊക്കയും
മൂന്നുംക്രുടീട്ടുതുണ്ടാകിൽസാദ്ധ്യമല്ലാതെയുംവരും
നന്നായ്ചുവന്നുചൂടൊടുംക്രുടെവൎദ്ധിച്ചിരിക്കിലൊ
അതരക്തജമെന്നുള്ളതറിവാനുള്ളലക്ഷണം
മസൂരിയുള്ളെടത്തൊക്കെധിക്കരിച്ചുനടക്കിലും
അക്കാലത്തുനടക്കുതാൻഭയംതാൻസംഭവിക്കിലും
ഉണ്ടാമാഗന്തുകവ്യാധിയതിൻെറവരവിങ്കലെ
ലക്ഷണംകണ്ടറിഞ്ഞിട്ടുചികിത്സിക്കെണമിങ്ങനെ
ഉപവാസംനടെപിന്നെവമനഞ്ചവിരെചനം
ഉഷ്ണംവൎദ്ധിച്ചുവരികിൽചൊരനീക്കെണമഞ്ജസാ
ഇരട്ടിമധുരംവെപ്പുതൊൽകൊണ്ടുംകഷായമായി
വച്ചിട്ടുസിതയുംചെൎത്തുകൊടുക്കെണംപുറപ്പൊളം
അവിപത്തികൊടുത്തിട്ടുവിരെചിപ്പിപ്പതുത്തമം

പുളകനിദാനം.

അഴലുംപനിയുംചൂടുംദെഹത്തിന്നുതളൎച്ചയും
ക്രുടീട്ടുദെഹത്തിലൊക്കെപുളകങ്ങൾപുറപ്പെട്ടും
അതിന്നുകാരണംപിത്തംപെരുവിസ്ഫൊടമെന്നുപൊൽ
മസൂരിവിസ്ഫൊടങ്ങൾക്കുവഴിപൊലെവിരെചനം
ചെയ്യിക്കെല്ലാററിലുംനന്നഞ്ഞുപവാസവുമാദിയിൽ

ശീതപിത്തനിദാനം.

പിത്തവുംകഫവുംക്രുടിവൎദ്ധിച്ചാലതുവട്ടമായ്
ദെഹത്തിങ്കൽതിണൎത്തിട്ടുചുവന്നാപാദമസ്തകം
വട്ടത്തിണൎറിതുണ്ടായാൽചൊറിയുന്താനിതെററവും
ഇങ്ങനെദണ്ഡമുണ്ടായാൽശീതപിത്തമതായത
അമ്ലതൊട്ടുകൊടിത്ത്രുവവെപ്പുന്തൊൽമഞ്ഞളെന്നിവ
ക്രുട്ടിവയ്ക്കുംകഷായത്തെസെവിച്ചാലതുശാന്തമാം

കുഷ്ഠനിദാനം

ത്രിദൊഷയൊഗംകൊണ്ടുണ്ടാംകുഷ്ഠമെഴുപ്രകാരമായ്
കപാലമെന്നുവന്നീടുംപെരുവാതത്തിലെതിന
പെരൌദുംബരമെന്നായിവരുംപിത്തത്തിലെതിന
കഫജത്തിന്നുപെരുണ്ടാംമണ്ഡലഞ്ചവിചൎച്ചികാ
വാതപിത്തങ്ങൾക്രുടീട്ടുമുണ്ടാമെന്നാലതുശ്യമാം
വാതശ്ലെഷ്മങ്ങൾകൊണ്ടുണ്ടാംചൎമ്മകുഷ്ഠകിടീപവും
പിത്തശ്ലെഷ്മങ്ങളെകൊണ്ടുദദ്രുവുംപുണ്ഡരീകവും
പാമാചൎമ്മതലംപിന്നെവിസ്പൊടമിതിപെരുകൾ
എല്ലാദൊഷങ്ങളുംക്രുടിമജ്ജാശുക്ലാസ്ഥിയെന്നിവ
മൂന്നുമാശ്രയമായിട്ടുവൎദ്ധിച്ചുകുഷ്ഠമെങ്കിലൊ
കയ്യുംകാലുംനുറുങ്ങിപ്പൊമെന്നുവന്നാലസാദ്ധ്യമാം
പിന്നെകണ്ണുചുവന്നീട്ടുമൊച്ചനന്നായടച്ചുപൊം
അഗ്നിമാന്ദ്യമതീസാരംദാഹംക്രമികളെന്നിവ
എല്ലാമുണ്ടായിയെന്നാലുമസാദ്ധ്യംതന്നെയാമ്പരും
കുഷ്ഠങ്ങളെശമിപ്പിപ്പാനുള്ളനെയ്യെണ്ണയെന്നൊരെ
മരുന്നുകൾകൊടുത്തിട്ടുനെററിമെൽകൈകൾരണ്ടിലും
കാലുരണ്ടുമ്മെലുംകൊത്തിചൊരനീക്കെണമാവൊളം
വ്യാധികാണുന്നടത്തെല്ലാംചൊരനീക്കെണമാവൊളം
കൊത്തീട്ടുംകൊമ്പുവെച്ചിട്ടുംജെളുകിപ്പിച്ചുമാമത

ശ്വിത്രകനിദാനം

മൂന്നുരൊഗങ്ങളുംക്രുടീട്ടുണ്ടായിട്ടുന്നശ്വിത്രകം
ചുവന്നിരിക്കുംചൊറിയുംകുഷ്ഠംപൊലെയുമാമ്പരും
വെള്ളംവരികയില്ലൊട്ടുമുണ്ടായാൽശ്വിത്രകത്തിന
ചൊല്ലുന്നുപാണ്ടിനെതന്നെശ്വിത്രമെന്നുഭിഷക്കുകൾ
ഉള്ളങ്കാലുകളുള്ളങ്കൈഗുദദപാരെചചുണ്ടിലും
ഉണ്ടായാലുടനെതന്നെചികിത്സിച്ചാൽശമിച്ചുപൊം
ശ്വിത്രകത്തിൽമുളച്ചിട്ടുവന്നരൊമങ്ങളൊക്കയും
അതിന്റെനിറമാമ്പന്നാലസാദ്ധ്യംതന്നെയാമ്പരും
വ്രണമുണ്ടായെടത്തെല്ലാംവന്നാലുമതസാദ്ധ്യമാം

കിലാസമെന്നുംതരുണമെന്നുംപെരുളവാശ്ശുരും
ഇതിന്നുകുഷ്ഠത്തിന്നുള്ളചികിത്സഗുണമാശ്ശുരും
ചൊരനീക്കകയ്യുംഛൎദ്ദിമലശൊധനയ്യുംഗുണം
ഇവയെല്ലാംപ്രധാനങ്ങളാശ്ശുരുംശ്വിത്രകത്തിന

കൃമിനിദാനം

ദെഹത്തെൽകൃമിയ്യുണ്ടാകുംപ്രകാരംപറയുന്നിത
പുറത്തുകൃമിയ്യുണ്ടാവാൻമൂലംമാച്ചുമെഴുക്കുകൾ
അതിൻപെർമൂട്ടകൂറപ്പെന്നൊരൊന്നായിയ്യുംവരും
കുഷ്ഠംരക്തത്തിലുൾപ്പുക്കാലുണ്ടാംരക്തത്തിലുംകൃമി
പിന്നെയാകൃമിഭെദംകൊണ്ടിവയാറുപ്രകാരമാം
അണുക്കളായ്ചുവന്നിട്ടുംകറുത്തിട്ടുംവെളുത്തതും
വട്ടത്തിൽകാലുകൂടാതെതന്നെയ്യുംവലുതാശ്ശുരും
അണുക്കളാകകൊണ്ടൊട്ടുംകണ്ടുകൂടാതെയ്യുംവരും
പിന്നെകഴുത്തിലുംകണ്ണുമൂലെകാലുകൾകൈയ്യുടെ
സന്ധുക്കളിൽപുറപ്പെട്ടുപരക്കുംദെഹമൊക്കയ്യും
പിന്നെക്രമെണവൎദ്ധിച്ചാൽകാലംകൊണ്ടതുകുഷ്ഠമാം
തൈരുംചൊർകറിയ്യുംതെനുംപായസംവറശക്കര
ഇലക്കറികളുംകള്ളുംപുത്തരിച്ചൊറുമെന്നിവ
ചെല്ലുമ്പൊൾകഫവുംകൂടെകൂടിയാമാശയത്തിലും
കൃമിയ്യുണ്ടാശ്ശുരുംപാരിച്ചതങ്ങെഴുപ്രകാരമാം
വയററിലവവൎദ്ധിച്ചാൽമെൽവയററിൽകഴുത്തിലും
ഹൃദയത്തിങ്കലുംചെന്നിട്ടുണ്ടാക്കുംദണ്ഡമെററവും
കവിൾപാരംതരിച്ചീടുംവായിൽവെള്ളംവരുംതുലൊം
വയർനൊകയുമിത്യാദിദണ്ഡങ്ങൾപലതുംവരും
പിന്നെപകാശയത്തിങ്കലുണ്ടാമഞ്ചുപ്രകാരമായ്
എന്നാലതിനുമുണ്ടാകുംപലദണ്ഡങ്ങളിങ്ങനെ
വിൾഭെദശൂലവിഷ്ടംഭംകാൎശ്യപാരുഷ്യപാണ്ഡുതാ
രൊമഹൎഷാഗ്നിസദനഗുദകണ്ഡുവിനിൎഗ്ഗമാഃ
ഇതിന്നുമുമ്പിൽവമനംപിന്നെവെണംവിരെചനം
പഞ്ചകൊലങ്ങളെകൊണ്ടപിന്നെഃചൈവുചികിത്സകൾ
തലയിൽകൃമിയ്യുണ്ടായാൽശിരൊരൊഗചികിത്സകൾ
കച്ചിട്ടുള്ളതുമൊട്ടെറെപ്പുളിച്ചിട്ടുള്ളതുംസദാ
കൂട്ടിയ്യുണ്ടാൽക്രമംകൊണ്ടുകൃമിദണ്ഡംശമിച്ചുപൊം

വാതനിദാനം

തിക്തൊഷ്ണാദിസെവിച്ചാൽവരുംധാതുക്ഷയംനൃണാം
അപ്പൊൾകൊപിച്ചുവായുചെന്നെല്ലാപെരുഞരമ്പിലും
അകംപുക്കുനിറഞ്ഞിട്ടുപിന്നെചെറുഞരമ്പിലും
ചെന്നിട്ടുകഫപിത്തങ്ങളിരിക്കുന്നെടമൊക്കയ്യും

അടച്ചുകൊണ്ടുതാനൊരൊടിക്കില്ലൾപ്പുക്കുമെല്ക്കുമെൽ
സങ്കടങ്ങളെയുണ്ടാക്കുമതിപ്പൊൾവാതമായത
വാതംപക്വാശയത്തിങ്കൽകൊപിച്ചാലരയുംതുട
കഴുത്തുംമുതുകെന്നുള്ളടിക്കിലൊക്കെകഴസ്സുയും
വയർവീക്കംമലംകെട്ടുമാന്ത്രാശ്മരികളുംവരും
ആമാശയത്തിൽകൊപിച്ചാൽകാസശ്വാസംവിഷൂചികാ
ദാഹവുംഛർദ്ദിയെന്നൊരൊരൊന്നുണ്ടാംഭെദങ്ങൾമെല്ക്കുമെൽ
ധാതുക്കളെഴിലുംപിന്നെഇന്ദ്രിയങ്ങളിലഞ്ചിലും
വാതംകൊപിച്ചുകംപ്യക്കാലുണ്ടാംഭെദങ്ങളിങ്ങനെ
രസധാതുവില്ലൾപ്പുക്കാൽപനിദെഹംക്ഷയിക്കയും
രക്തത്തിലായാൽനൊവുണ്ടാംതരിപ്പുംപലവൎണ്ണമാം
മാംസെവ്രണാരുചിശൊഷശിരഃകമ്പൊദരവ്യഥാം
മെദസ്സിൽനൊവുംമുഴയുംകറുകറുക്കതളൎച്ചയും
അസ്ഥിയിങ്കലകംപ്യക്കാൽദെഹംനൊവുകനക്കയും
സന്ധികൾനൊകകുഴെകയെന്നെല്ലാംസങ്കടംവരും
വാതംമജ്ജയിലാകുമ്പൊൾഎല്ലെല്ലാംകുഴലായ്വരും
അതശുക്ലത്തിലാകുമ്പൊൾക്ഷണികായാമഭൊഗവാൻ
വാതംപഞ്ചെന്ദ്രിയെപ്യക്കാലടയുംചെവിമൂക്കുകൾ
കണ്ണുകാണാതെയുംരീതുംനാവുംനന്നായ്മണപ്പൊം
ത്വക്കുവിള്ളുകയെന്നുള്ളസങ്കടംവല്യതായ്വരും
ദെഹത്തെൽവാതമാപാദച്ചൂഡംവ്യാപിച്ചിതെങ്കിലൊ
ദെഹംനൊംസന്ധികുഴയുംദെഹംപെട്ടന്നെടുത്തിടും
വിറയ്ക്കുംകാല്യകൈതല്ലമിതെല്ലാംവാതലക്ഷണം
വാതത്തിന്നുള്ളഭെദങ്ങൾചുരുങ്ങീട്ടൊമ്പതായ്വരും
ഏറിയാലെണ്ണതായിട്ടുമുണ്ടാംകാണായ്വരുന്നത
ഇതിൽപ്രധാനമായിട്ടിരുപത്തുനാലതിങ്ങനെ
ആക്ഷെപമപതന്ത്രഞ്ചഅവതാനംസിരാഗ്രഹം
അന്തരായാമവുംപിന്നെബാഹ്യായാമഞ്ചദണ്ഡകം
വ്രണായാമംഹനുസ്രംസംജിഹ്വാസ്തംഭാൎദ്ദിതങ്ങളും
പക്ഷഘാതഞ്ചസൎവ്വാംഗംഅപബാഹുകവുംതഥാ
വിശ്വചിൽഗൃദ്ധ്രസീഖല്ലീഖഞ്ജനുംപംഗുവുംപുനഃ
കളായഖഞ്ജൊരുസ്തംഭക്രൊഷ്ടുശീൎഷങ്ങളുംപുനഃ
പാദഹൎഷംതഥാപാദദാഹംപെരുകളിങ്ങനെ
പറയാമിനിയിച്ചൊന്നവാതങ്ങൾക്കുള്ളലക്ഷണം
വാതംവൎദ്ധിച്ചുകട്ടുമ്മെൽകിടക്കുന്നജനത്തിനെ
എടുത്തിട്ടിട്ടിരിക്കുന്നവാതമാക്ഷെപമായത
കുറുകുംപ്രാവിനെപൊലെവില്ലുപൊലെവളഞ്ഞുപൊം
ഒരൊനെരത്തുഹൃദയെസുഖവുംദുഃഖവുംവരും
ഇനിയുംപലതുണ്ടെവമപതന്ത്രസ്യലക്ഷണം
പിന്നെരക്താശ്രിതംവാതംതലസ്ഥാധാരഭൂതമാം

ഞരമ്പിനെറെനൊവുണ്ടാക്കീടുന്നതുസിരാഗ്രഹം
വായുശരീരത്തെലുള്ളഞരമ്പുകളെയൊക്കയും
സ്തംഭിപ്പിച്ചുവളച്ചിട്ടദെഹത്തെൽരണ്ടുപാട്ടിലും
പിന്നെപല്ലുകിടുമ്പിട്ടുഞൊളചാടുകമൂരിയും
കൺവിറയ്ക്കുയുമെന്നൊരൊദണ്ഡങ്ങളുളവാസ്സുരും
അകത്തൊട്ടുവളഞ്ഞീടിലന്തരായാമമെന്നുപെർ
പുറത്തൊട്ടുവളഞ്ഞീടിൽബാഹ്യായാമമതാസ്സുരും
ആമാശയത്തിൽനിന്നുണ്ടാംദണ്ഡകാരണവാതമൊ
ന്നതുമെല്ലെപരന്നിട്ടുദെഹത്തെലൊക്കെനൊകയും
തടിപൊലെകിടന്നെപൊംയെന്നാൽദണ്ഡകമെന്നുപെർ
വ്യണമുണ്ടാസ്സുരുന്നെരംഞെളിവൊക്രുന്നുപൊകയൊ
വന്നാൽസങ്കടമെറുന്നുവ്യണായാമമതിന്നുപെർ
അടിവെട്ടുകളെല്ലുലുംകടുത്തതുകുടിക്കിലും
വായുകൊപിച്ചുപൊമെന്നാൽവാക്രുട്ടുകപൊളിക്കയും
സാദ്ധ്യമല്ലാതെയായീടുംഹനുസ്രംസമതായത
ഊണുംപറകയുംമുട്ടുംനാവുംനന്നായുളൻപൊം
ഇങ്ങനെയുള്ളദണ്ഡങ്ങൾജിഹ്വാസ്തംഭത്തിനുള്ളത
കനത്തതച്ചമല്പുലുംകടുത്തതകുടിക്കിലും
ഉരത്തവിൽവലിപ്പൂലുംതാടികൊട്ടിചെരിഞ്ഞുപൊം
തുപ്പുന്നതുവിലങ്ങെപൊംപറവാനുമസാദ്ധ്യമാം
ംരംവണ്ണമെല്ലാമുണ്ടാകമട്ടിതത്തിന്നുലക്ഷണം
വാതംവദ്ധിച്ചിരിക്കുന്നാളെതാനുംതട്ടിവീഴ്കയൊ
മറെറാന്നുണ്ടാകിലന്നെരംദെഹംപാതിതളൻപൊം
പിന്നെനിശ്ചെഷ്ടനാസ്സായിൽഞൊളചാടികിടന്നുപൊം
പിന്നെയുംപലതുണ്ടാകുംപക്ഷാഘാതസ്യലക്ഷണം
സവ്വാംഗംതളരുന്നെരംചൊല്ലാംസവ്വാംഗമെന്നുപെർ
അപബാഹുവിനാധാരംകൈകൾരണ്ടുംതളൻപൊം
ഞരമ്പിനെവലിച്ചിട്ടകൈപ്പടത്തെതിരിച്ചുകൊ
ണ്ടതിയായിട്ടുനൊയിക്കുംവിശപഭിത്തെന്നുപെരുമാം
ഔവണ്ണംകൈതിരിച്ചിട്ടനീക്കമുള്ളതുഗൃദ്ധ്രസീ
ഔവണ്ണംവീങ്ങിനൊവുണ്ടാസ്സുതികിൽഖല്ലിയെന്നുപെർ
ഞരമ്പുകൾവലിച്ചിട്ടകാൽചുരുക്കീട്ടുഖഞ്ജനും
രണ്ടുകാലുംവലിച്ചിട്ടകാൽമുടക്കീട്ടുപംഗുവും
നന്നായ്ദെഹംവിറച്ചിട്ടുമുടന്തീട്ടുനടക്കിലൊ
കളായഖഞ്ജനെന്നുള്ളപെരതിനുളവാസ്സുരും
ഊരുസ്തംഭംവരുന്നെരംതുടരണ്ടുംതളൻപൊം
കാലിൻെറമുട്ടിൽനീർകെട്ടിവീങ്ങുംക്രൊഷ്ടുശിരസിന
നടക്കുന്നജത്തിനകാലിൻെറകുഴവീങ്ങിയാൽ
നൊവുണ്ടായിവരുന്നെരംവാദകണ്ടകമെന്നുപെർ
കാൽതരിക്കുന്നപൊലെയാസ്സുരുമ്പൊൾപാദഹഷമാം

ഉള്ളംകാല്ചുട്ടുന്നെരംപാദദാഹമതായ്വരും
വാതങ്ങളെണ്പതിൽപാരംപ്രധാനങ്ങളിതൊക്കയും
പിന്നെയുണ്ടുധനുഷ്കമ്പമെന്നുപെരതിനൊന്നിന
അതിന്നുപല്ലിലുംപിന്നെചുണ്ടിലുംപകരുംനിറം
ദെഹംതളൎന്നുസന്ധുക്കൾകുഴഞ്ഞെറെവിയൎക്കിലും
പത്തുനാളിലകത്തുണ്ടാംമരണംതസ്യരൊഗിണാം
വാതവ്യാധിയപസ്മാരംരാജയക്ഷ്മാവുകുഷ്ഠവും
ഗുന്മംപ്രമെഹവുംവന്നാൽപൊറുപ്പാൻപണിയായ്വരും
എല്ലാവാതങ്ങളുംവന്നാൽനന്നായിട്ടെണ്ണതെക്കയും
ധാരയുംവസ്തിയുംതന്നെചികിത്സകളിലുത്തമം
എണ്ണനെയ്വസയുംമജ്ജയിവവച്ചുകുടിക്കയും
മാംസംപുഴുങ്ങിയൂററീട്ടങ്ങെടുത്തീടുന്നനെയ്വസാ
മാംസംപൊളിച്ചെടുക്കുന്നനെയ്യെല്ലൊമജ്ജയായത
സ്നിഗ്ദ്ധദ്രവ്യങ്ങളെകൊണ്ടുസ്വെദിപ്പിക്കവുകസ്കയും
ദെഹംതടിപ്പതിന്നുള്ളതെല്ലാവാതത്തിനുംഗുണം
മാട്ടൊട്ടുതാൻകലത്തിന്റെയൊട്ടുതാൻ നല്ലകല്ലുതാൻ
അനത്തിമെഴുകുംതെച്ചുകാച്ചീട്ടുകിലുമുത്തമം
കാററുമെല്ലൊതിരിക്കെണംവാതരൊഗിവിശെഷതഃ

വാതശ്രൊണിതനിദാനം

വാതവുംരക്തവുംകൂടികൊപിച്ചിട്ടുവരുന്നനാൾ
രക്തത്താലടയപ്പെട്ടുവായുവിൻവഴിയൊക്കയും
രക്തവുംദുഷ്ടമാമെന്നാൽവാതശ്രൊണിതലക്ഷണം
അതിന്നുപെരുമുണ്ടാകുംനാലായിട്ടിതിവണ്ണമാം
ആഢ്യവാതംഖുഡംവാതംവലാസംവാതശ്രൊണിതം
വാതശ്രൊണിതമാംവ്യാധികാൽകൈവിരലുകളെന്നൊരൊ
അംഗങ്ങളിൽതുടങ്ങീട്ടുവ്യാപിക്കുംദെഹമൊക്കയും
അതൊട്ടുവാതമെറീട്ടുംരക്തമെറീട്ടുമുള്ളത
മററുംവ്യാധികളില്ലെങ്കിൽശമിപ്പാനെളുതായ്വരും
പിന്നെദൊഷത്രയംകൊണ്ടിട്ടുണ്ടായെന്നങ്ങിരിക്കിലൊ
വീങ്ങുലുമതുപൊട്ടീട്ടുപഴുത്തിട്ടൊഴുകീടിലും
അൎബ്ബുദിച്ചുചമഞ്ഞാലുംസാദ്ധ്യമല്ലാതെയായ്വരും
മൊഹിക്കയരുചിശ്വാസംപനിക്കതലനൊകയും
ദാഹംവ്രണംചുഴലുകഞരമ്പെല്ലാംവലിക്കയും
ഇവയെല്ലാംവരുന്നാകിൽസാദ്ധ്യമല്ലാതെയായ്വരും
വാതശ്രൊണിതമുണ്ടായാൽചികിത്സിക്കെണമിങ്ങനെ
സ്നിഗ്ദ്ധമായ്ചൊരകളറൂപലവട്ടംകുറെക്കുറെ
വയസ്സുംവ്യാധിബലവുംസൂക്ഷിച്ചിട്ടിതുചെയ്യണം
പാരംവയസ്സുചെന്നൊൎക്കുംരൊഗപീഡിതനാകിലും
ബലമില്ലെന്നിരിപ്പൂലുംചൊരനീക്കരുതൊട്ടുമെ

നൊവുംചുവപ്പുംചുട്ടുകകുത്തുകെന്നിവയൊക്കയും
ഉണ്ടായ്വരുന്നെടത്തൊക്കെജളൂവിക്കെണമെററവും
തരിപ്പുംചൊറിയുംനൊവുമുള്ളടത്തൊക്കെമെല്ലവെ
കൊമ്പുവച്ചിട്ടുനീക്കെണംചൊരനീക്കെണമെങ്കില
ദൊഷത്തെകൊണ്ടൊരെടത്തവീങ്ങിയാലുടനങ്ങനെ
മററുംപലെടത്തുണ്ടാകുമുരുണ്ടാപാദമസ്തകം
എന്നാലെലിവിഷംപൊലെദെഹത്തുങ്കൽനിറഞ്ഞുപൊം
എന്നാലനുസിരാവെധംചെയ്തിട്ടുംചൊരനീക്കണം
പിന്നെരക്തത്തിനക്കാലംവാതമെറിയിരിക്കിലും
ദെഹംതളൎന്നുയെന്നാലുംചൊരനിക്കരുതൊട്ടുമെ
വാതംവസന്തഗ്രീഷ്മങ്ങൾപിത്തംവൎഷശരത്തുകൾ
കഫംഹെമന്തശിശിരമൃതുക്കളിലിവണ്ണമാം

നെത്രരൊഗനിദാനം

കച്ചെരിച്ചുപുളിച്ചുള്ളപദാൎത്ഥങ്ങൾനിമിത്തമായ്
മലങ്ങളൊക്കെകൊപിച്ചിട്ടവപിത്താശ്രിതങ്ങളായ്
ഞരമ്പില്കൂടെമെല്പൊട്ടുചെന്നുകണ്ണിൽനിറഞ്ഞുടൻ
ഉണ്ടാക്കുംപലദണ്ഡങ്ങളതിൻെറലക്ഷണങ്ങളെ
പറവാൻതുനിയുന്നെൻഞാൻഅനുഗൃഹ്ണന്തുദെശികാഃ
കണ്ണിൻെറപൊളമെലുണ്ടാംചെറുതായഞരമ്പുകൾ
വായുകൊപിച്ചതിൽപുക്കാലപ്പൊഴെയിളകാതയാം
ഉറങ്ങിയെഴുനെല്ക്കുമ്പൊൾമണൽവീണതുപൊലെയും
നൊന്തുംകരുകരുത്തീട്ടുമടെപ്പാനുമസാദ്ധ്യമാം
തിരുമ്മുമ്പൊൾശമിച്ചീടുംകൃച്ഛ്രൊന്മീലനസ്യലക്ഷണം
വായുപൊളകളെപാരമിളക്ക ടുംതെരുന്നനെ
അടപ്പിക്കുംതുറപ്പിക്കുംനൊവുകൂടാതെയുംവരും
അരുണ്ണിമെഷമെന്നുള്ളപെരതിനുളവായ്വരും
വായുകൂടാതെയായിട്ടുകണ്ണുനന്നായ്മിഴിച്ചുപൊം
കടക്കണ്ണുനലഞ്ഞിട്ടുചൈതന്യംകെട്ടുശൂന്യമായ്
അടയ്പ്പാനെളുതല്ലാതെവരുംവാതഹതത്തിന
പിത്തംകൊണ്ടുകറുത്തുണ്ടാംപൊളമെൽവലുതായ്ക്കുരു
അതുമെല്ലെപഴുത്തിട്ടുപൊളിയുന്നതകുംഭികാ
പൊളമെൽനലയുംചൂടുംചുവപ്പുംകുത്തുമെററമായ്
തൊട്ടാൽവെദനയുണ്ടാകുംപിത്തൊൽക്ലിഷ്ടസ്യലക്ഷണം
ഇമസ്ഥരികിലുൾപ്പുക്കുപിത്തംരൊമംപൊഴിച്ചതിൽ
ചൊറിവുംചൂടുമുണ്ടാകുംപക്ഷ്മശാതസ്യലക്ഷണം
കഫംകൊണ്ടുവെളുത്തിട്ടുകടുകൊളംമുഴുപ്പുമായ്
ഉറച്ചകുരുവുണ്ടാക്കുമെന്നാൽപൊഥകിയെന്നുപെർ
വീങ്ങിക്കരുകുരുത്തിട്ടുനൊവുംചൊറിവുമെററമായ്
നലഞ്ഞിഴഞ്ഞുനീർചാടുംകഫൊൽക്ലിഷ്ടസ്യലക്ഷണം

വെളുന്നനെമുഴച്ചിട്ടചൊറിവുംക്രൂടെയുള്ളത
കട്ടത്തിരിക്കയുംചെയ്കിൽഗ്രന്ഥിവ്യാധിയതാസ്സരും
ലന്തക്കുരുവുപൊലെയാസ്സുന്നാലംഗനമെന്നുപെർ
രക്തംകൊണ്ടുചുവന്നിട്ടുമുണ്ടാകുംവളരെക്കുരു
നിറെച്ചങ്ങനെയുണ്ടായാലതിന്നുത്സംഗമെന്നുപെർ
ഉൽക്ലിഷ്ടംവ്യാധിമെലുള്ളവരയൊന്നായ്ചമഞ്ഞത
തൊടുവാൻവശമല്ലാതെവരുംനെത്രാരിശസ്സിന
പൊളയ്ക്കുള്ളിൽമിനുന്നിട്ടചുട്ടനൊന്തുകട്ടത്തൊരു
മാംസമുണ്ടാസ്സരുന്നാകിലധിമാംസമതിന്നുപെർ
രക്തംകൊണ്ടുചുവന്നുണ്ടാമുമമെൽവളരെക്കുരു
ഉറെച്ചുചെറുതായുള്ളപയർപൊലെപ്പുറപ്പെട്ടും
അതുപാരംചൊറിഞ്ഞിട്ടുമെരിഞ്ഞുംചൊരചാടിയും
മുറിച്ചാലെറെവൎദ്ധിക്കുമതിന്നഞ്ജനമെന്നുപെർ
ത്രിദൊഷംക്രൂടിതാമരവളയത്തൊടുതുല്യമായ്
ഇമയൂടെപുറംവീങ്ങിപാരംവെള്ളംവരുന്നത
വിസവൎത്മകമെന്നുള്ളപെരതിന്നുളവാസ്സരും
ത്രിദൊഷരക്തയൊഗംകൊണ്ടുണ്ടാമന്നനുപൊങ്ങിയും
താണമന്നനുവാടീട്ടുംവന്നാലുൽക്ലിഷ്ടമെന്നുപെർ
രക്തത്രിദൊഷംകൊണ്ടുണ്ടാംശ്യാമമായിനുലഞ്ഞുടൻ
നൊന്തുവീങ്ങിവരുന്നാകിൽശ്യാവവൎത്മമതാസ്സരും
ഇമയുംപൊളയുംനന്നായ്ചെന്നുവീങ്ങിച്ചുവന്നുടൻ
ചൊറിഞ്ഞിരിക്കയുംചെയ്യുംക്ലിഷ്ടാഖ്യത്തിന്നുലക്ഷണം
ഇമപൊളയുടെയകമെകരുകരൽമണൽപൊലെവളരെയുളവാ
സികതാവൎത്മമതിന്നുംപെർകൎദ്ദമവൎത്മാകറുത്തിരിക്കിലതും [കിൽ
മാംസംവളരെയുണ്ടായിവന്നീടുംബഹളനത്തിന
ഇമമെലുള്ളരൊമങ്ങൾതടിച്ചിട്ടവളഞ്ഞത
സൂക്ഷ്മത്തെൽചെന്നുകുത്തീട്ടവിക്കംകരുകരുക്കയും
വെള്ളംചാടുകയെന്നുള്ളദണ്ഡങ്ങൾപലവുംവരും
വളഞ്ഞുകുത്തുംരൊമത്തെപറിച്ചാലന്നുശാന്തമാം
ഉടൻപിന്നെയുമുണ്ടാകുന്നതുപക്ഷ്മാപരൊധകെ
വീങ്ങിച്ചുവന്നിട്ടുണ്ടാകുമതിന്നലജിയെന്നുപെർ
അതുമാംസംകെട്ടുപെട്ടുകൊഴിപ്പൂവൊടുതുല്യമായ്
ചുവന്നീട്ടുവളൎന്നീടിലതിനൎബ്ബുദമെന്നുപെർ

വൎത്മനിദാനം.

ബാലാനാംപല്ലുളംകാലംകണ്ണുവീങ്ങിച്ചുവന്നുടൻ
കാഴ്ചയില്ലാതെയാസ്സൊകുംകുക്രൂണത്തിന്നുലക്ഷണം
സന്ധിയിങ്കൽസിരകളിൽവായുവുൾപ്പുക്കുമെല്ലവെ
നീൎവ്വാഹിനികളായുള്ളഞരമ്പുകളെയൊക്കയും
ചുരുക്കിവീക്കവുംനൊവുംക്രൂടാതെതന്നെയെററവും

വെള്ളംചാടിക്കമെപ്പൊഴുംജലാസ്രാവമതിന്നുപെർ
കഫംകൊണ്ടുവെളുത്തിട്ടവെള്ളംചാടുംവഴുന്നനെ
കൊഴുത്തിരിക്കയുംചെയ്യുംകഫാസ്രാവസ്യലക്ഷണം
ശ്ലെഷ്മംകൊണ്ടുകടകണ്ണിൽവീങ്ങിച്ചുവടുറച്ചുടൻ
ക്ഷാരംകുറുക്കുമ്പൊൾപൊങ്ങിവരുംകുമളപൊലെയും
മൃദുവായിവെളുത്തിട്ടുമിനുത്തിട്ടവഴുന്നനെ
മുഴുത്തിളകുംചൊറിവുംകൂടീട്ടുണ്ടായ്വരുന്നത
പഴുപ്പുംനൊവുമില്ലാതെയുവനാഹസ്യലക്ഷണം
രക്തകൊപത്തിനെകൊണ്ടചുവപ്പുംചൂടുമെററമായ്
ഉണ്ടായ്വളരെയെന്നാകിൽരക്തസ്രാവസ്യലക്ഷണം
വർത്മസന്ധിക്കരികിലെവെളുപ്പില്ലുളവാംകുരു
ചെറുതായപയററിൻറമണിപൊലെമുഴുത്തത
ചൂടുംചുവപ്പുമുണ്ടായിനൊവുമെറിപൊളിഞ്ഞുടൻ
ചൊരചാടുമതെന്നാകിൽപവ്വണിക്കുള്ളലക്ഷണം
അതുതന്നെപഴുത്തിട്ടചലംചാടുന്നിതെങ്കിലൊ
പാരംവൈഷമ്യമായുള്ളപൂയാസ്രാവമതായ്വരും
സൂക്ഷ്മമായികടകണ്ണിൽപുണ്ണുണ്ടായിട്ടുവീങ്ങിയാൽ
എരിഞ്ഞിരിക്കയുംചെയ്കിൽപൂയാലസമതിന്നുപെർ
മൂക്കടുത്തുള്ളകണ്കൊണിന്നകത്തീവണ്ണമുള്ളത
ഉണ്ടായ്വരുന്നിതെന്നാകിലതിന്നലജിയെന്നുപെർ
കടക്കണ്കൊണിലൊമൂക്കിന്നരികത്തുള്ളകൊണിലൊ
ചൊറിഞ്ഞെരിഞ്ഞുമെല്ലെന്നുമുഴക്കചലമൊല്ലുകാ
രണ്ടാലൊന്നുഭവിക്കുമ്പൊൾ കൃമിഗ്രന്ഥിയതായ്വരും
ഉപനാഹംകൃമിഗ്രന്ഥിപൂയാലസകപവ്വണി
ഇവനാലുംശസ്ത്രസാദ്ധ്യംസാദ്ധ്യമല്ലാസ്രവാലജി
ശെഷമുള്ളതു നന്നായിചികിത്സിച്ചാൽശമിച്ചുപൊം

സന്ധിനിദാനം

പിത്തംകൊണ്ടുവെളുപ്പുമെലുണ്ടാകുംചിലതുള്ളികൾ
കറുത്തിട്ടുംശ്യാമമായുംമഞ്ഞളിച്ചുംനിറംവരും
പൊടിവീണമുഷിഞ്ഞുള്ളദപ്പണത്തൊടുതുല്യമായ്
വെളുത്തുനൊവുംചൂടെന്നിതൊന്നുംകൂടാതെയുംവരും
ഉണ്ടാകുംപനിയുംപൊക്കുംശുക്തികയ്ക്കുള്ളലക്ഷണം
കഫംകൊണ്ടുവെളുത്തിട്ടവദ്ധിക്കിലധിമാംസമാം
സമാനവണ്ണമായ്വീങ്ങിനൊവില്ലാതെപരന്നനെ
പലതുണ്ടായ്വരുന്നാകിലതുശുക്ലാൎമ്മമായ്വരും
വെള്ളംപൊലെകനത്തുണ്ടാംവലാസിഗ്രന്ഥിവെള്ളയിൽ
പൊങ്ങിട്ടുചിലവിന്ദുക്കളുണ്ടായാലായതൊക്കയും
അരിപ്പൊടിയുടെവണ്ണമായ്വന്നാലതുവിഷ്ടകം
രക്തംകൊണ്ടുവെളുപ്പുമെൽചുവന്നുണ്ടായ്നിറഞ്ഞുപൊം

ചൂട്ടുംകരുകരുപ്പുണ്ടാംകുത്തുണ്ടാംനീരൊലിക്കയും
ംരംവണ്ണമെല്ലാമുണ്ടാകുംസിരൊല്പാതസ്യലക്ഷണം
അതുപെക്ഷിച്ചുവദ്ധിച്ചാൽവെള്ളംചാടിതെരുന്നനെ
കണ്ണുകാണാതെവന്നീടുംസിരാഹഷ്മതാസ്സുരും
ചുവന്നുവല്യതായ്പ്പൊങ്ങിച്ചുവന്നിട്ടുഞരമ്പുകൾ
കൂടിയുണ്ടാസ്സുരുന്നാകിൽസിരാജാലമതിന്നുപെർ
ശൊണിതാമ്മംമുഴത്തിട്ടസമമല്ലാതെയുള്ളത
പത്മത്തെപൊലെയുണ്ടാകിൽഅധിമാംസമതാസ്സുരും
മിനുത്തുചിലവിന്ദുക്കളുണ്ടാംനൊവുകുറഞ്ഞത
മുയൽച്ചൊരയുടെവണ്ണംവന്നാലഞ്ജനമെന്നുപെർ
മൃദുവായ്നൊവുകൂടാതെ ശ്യാമമായിനിറഞ്ഞത
ചുവന്നുയെന്നുവന്നാകിൽപ്രസ്താൎയ്യാമ്മമതിന്നുപെർ
ദൊഷങ്ങൾരക്തത്തൊടുൾചെൻറുണ്ടാകുമൊരുവ്യാധിയെ
ചെറുതായിഞരമ്പെന്നപൊലെസ്നാവാമ്മമായത
ശുക്ലരക്തങ്ങളെകൊണ്ടശ്യാമമായിട്ടുറച്ചൊരു
മാംസംബഹളമായുണ്ടാമെഴുന്നുള്ളഞരമ്പുമായ്
ചുട്ടുംകരുകരുത്തിട്ടുമധിമാംസാമ്മലക്ഷണം
കറുപ്പിൻെറസമീപത്തവെള്ളമെൽകടുകിൻമണി
പൊലെകുരുക്കളുണ്ടായാൽസിരാമ്മത്തിന്നുലക്ഷണം
ശുക്തിഹഷ്മംസിരൊല്പാതംവിഷ്ടകംഗ്രന്ഥിയഞ്ജനം
ഇതെല്ലാമൌഷധൈസ്സാദ്ധ്യംശെഷംശസ്ത്രൌഷധൈജ്ജയെൽ
പുതുതായുള്ളയമ്മങ്ങളഞ്ചുംദ്രവ്യെണസാധയെൽ
കറുപ്പണഞ്ഞിടത്തുള്ളമാംസസ്നാവസിരാവൃതാൻ
വ്യാധീന്മുറികൊലാവിദ്വാൻമുറിച്ചാൽകണ്ണുപൊംദ്രുതം
പിത്തംനിമിത്തമായിട്ടുസൂക്ഷ്മത്തെല്ലുംകറുപ്പിലും
കണ്ണിൻെറപടലംപൊട്ടിചൊരശുക്ലംപുറപ്പെട്ടും
ചുവന്നിരിക്കയുംചെയ്യുംചൂട്ടുംനൊവുകളുംവരും
എന്നാൽഞാറപ്പഴംപൊലെകറുപ്പിൻെറനിറംവരും
താണിരിക്കുംകുറഞ്ഞൊന്നക്ഷതശുക്ലമതിന്നുപെർ
നടെത്തെപടലംപൊട്ടിപുറപ്പെട്ടതുസാദ്ധ്യമാം
യാപ്യംരണ്ടാമതെതങ്കിൽമൂന്നാമത്തെതസാദ്ധ്യമാം
കഫംകൊണ്ടുത്ഭവിച്ചിട്ടുനൊവിത്തിരികുറഞ്ഞതിൽ
വ്രണാമുണ്ടാസ്സുരുന്നാകിൽശംഖശുക്ലമതിന്നുപെർ
